2nd Anniversary Edition

# ആരോഗ്യ കേരളം

November 2023

follow us on /arogyakeralam https://arogyakeralam.gov.in

# അഭിമാനം

## കുതിയ്ക്കുകയാണ് കേരളത്തിന്റെ ആരോഗ്യം




**ആഗോളതലത്തിൽ** തിളങ്ങുകയാണ് കേരളത്തിന്റെ ആരോഗ്യമേഖല. ആധുനിക വൈദ്യശാസ്ത്രം, ആയുർവേദം, ഹോമിയോപ്പതി, പരമ്പരാഗത ചികിത്സകൾ എന്നിവ ഉൾക്കൊള്ളുന്ന വൈവിധ്യമാർന്ന രോഗചികിത്സാരീതികൾ കേരളം വാഗ്ദാനം ചെയ്യുന്നു.

ആയുർദൈർഘ്യം, ശിശുമരണ നിരക്ക്, മാതൃമരണ നിരക്ക്, ജനസംഖ്യയിലെ ലിംഗ സന്തുലിതാവസ്ഥ തുടങ്ങിയ മാനദണ്ഡങ്ങൾ സമഗ്രമായി വിലയിരുത്തുന്ന നീതി ആയോഗിന്റെ 2019-20 ലെ സംസ്ഥാന ആരോഗ്യ സൂചികയിൽ നിന്നുള്ള അംഗീകാരം കേരളത്തിന്റെ ആരോഗ്യ സംരക്ഷണ മികവിന് അടിവരയിടുന്നു. 82.2 എന്ന മികച്ച സ്കോർ നേടി മറ്റു സംസ്ഥാനങ്ങളെക്കാൾ മുന്നിലാണ് കേരളം.

എല്ലാവർക്കും താങ്ങാനാവുന്നതും തുല്യതയുള്ളതും ഉയർന്ന നിലവാരമുള്ളതുമായ ആരോഗ്യ സേവനങ്ങൾ നൽകുന്ന കേരളം രാജ്യത്തിന് മാതൃകയാവുകയാണ്. 75 വയസ്സ് ആയുർദൈർഘ്യമുള്ള കേരളം ദേശീയവും ആഗോളവുമായ

> സംസ്ഥാനത്തിന്റെ നവജാത ശിശു മരണ നിരക്ക് (എൻ.എം.എം.ആർ) ദേശീയ ശരാശരിയുടെ അഞ്ചിലൊന്ന് മാത്രമാണ് (20). അഞ്ച് വയസ്സിന് താഴെയുള്ള കുട്ടികളുടെ മരണ നിരക്ക് 8 ആണ്

ശരാശരിയെ മറികടന്ന് രാജ്യത്തിന്റെ ആരോഗ്യ മരുപ്പച്ചയായി തലയുയർത്തി നിൽക്കുന്നു. ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഏറ്റവും കുറഞ്ഞ മാതൃമരണ നിരക്ക് (19), കുറഞ്ഞ ശിശുമരണ നിരക്കുമായി (6) കേരളം ഏറെ മുന്നിലാണ്.

**ആയുർദൈർഘ്യം**

കേരളത്തിന്റെ ഉയർന്ന ആയുർദൈർഘ്യം (75) വർഷമായി ഉയർന്നു, ഇത് ദേശീയ ശരാശരിയായ 70-നെ മറികടക്കുന്നു. കേരളത്തിലെ പുരുഷന്മാരും (71.9) സ്ത്രീകളും (78.1) ഉയർന്ന ആയുർദൈർഘ്യം അനുഭവിക്കുന്നു.

**മാതൃആരോഗ്യ സംരക്ഷണം**

മാതൃ ആരോഗ്യസംരക്ഷണരംഗത്ത് കേരളത്തിന്റെ മികവിന് തെളിവാകുകയാണ് മാതൃമരണ അനുപാതം (എംഎംആർ), രാജ്യത്തെ ഏറ്റവും കുറഞ്ഞ എംഎംആർ (19) സംസ്ഥാനമാണ് കേരളം. ദേശീയ എംഎംആർ 97 ആണ്.

**വിവിധ ഘട്ടങ്ങളിലെ ശിശുമരണ നിരക്ക്**

സംസ്ഥാനത്തിന്റെ നവജാത ശിശു മരണ നിരക്ക് (എൻ.എം.എം.ആർ) ദേശീയ ശരാശരിയുടെ അഞ്ചിലൊന്ന് മാത്രമാണ് (20). അഞ്ച് വയസ്സിന് താഴെയുള്ള കുട്ടികളുടെ മരണനിരക്ക് 8 ആണ്. കേരളത്തിലെ നവജാത ശിശു മരണനിരക്ക്, പോസ്റ്റ് നവജാത ശിശുമരണ നിരക്ക് (പിഎംഎംആർ) എന്നിവയെല്ലാം ദേശീയ ശരാശരിയേക്കാൾ കുറവാണ്. കേരളത്തിലെ 99.9% അമ്മമാർക്കും പ്രസവസമയത്ത് യോഗ്യരായ പ്രൊഫഷണലുകളുടെ ശ്രദ്ധാപൂർവമായ പരിചരണം ലഭിക്കുന്നു.



# സമഗ്രം, സമ്പൂർണം: ആരോഗ്യത്തോടെ ആതുരാലയങ്ങൾ



മാനന്തവാടി ഗവ. മെഡിക്കൽ കോളജിലെ മൾട്ടി പർപസ് കെട്ടിട സമുച്ചയം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു. ആരോഗ്യവും വനിതാ-ശിശുവികസനവും വകുപ്പ് മന്ത്രി വീണാ ജോർജ് സമീപം (ഫയൽ ചിത്രം)

**കൽപ്പറ്റ**: സമസ്ത മേഖലകളിലും വയനാട് 'ആരോഗ്യത്തോടെ' മുന്നേറുകയാണ്. 2016നു ശേഷം വൻ മുന്നേറ്റമാണ് വയനാടിന്റെ ആരോഗ്യരംഗത്തുണ്ടായത്. കനിവ് (108) ആംബുലൻസ് 11 എണ്ണം ജില്ലയിൽ അനുവദിച്ചു. ട്രൈബൽ മേഖലയിലെ ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനും അവർക്കിടയിൽ തന്നെയുള്ള 387 പേർക്ക് പരിശീലനം നൽകി ഊരു മിത്രങ്ങളായി (ഹാംലെറ്റ് ആശ) തിരഞ്ഞെടുത്തു. എട്ട് തസ്തികകളോടു കൂടി പബ്ലിക് ഹെൽത്ത് ലാബ് സുൽത്താൻ ബത്തേരിയിൽ അനുവദിച്ചു. മണിപ്പാൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ സഹകരണത്തോടെ ബത്തേരിയിൽ വൈറോളജി ലാബ് തുടങ്ങി. ട്രൈബൽ മേഖലയിലെ ഗർഭിണികൾക്ക് ആശുപത്രിയുടെ സമീപം താമസിച്ച് ചികിൽസ തേടാനുള്ള ഏഴ് ട്രൈബൽ മെറ്റേണിറ്റി ഹോമുകൾ പൂർത്തിയാക്കി. പ്രസവാനന്തരം അമ്മയെയും കുഞ്ഞിനെയും സൗജന്യമായി വാഹനത്തിൽ അവരുടെ വീടുകളിൽ എത്തിക്കുന്നതിനുള്ള പദ്ധതി എല്ലാ ആശുപത്രികളിലും പ്രവർത്തനക്ഷമമാക്കി. അംബേദ്കർ മെമ്മോറിയൽ ക്യാൻസർ ഹോസ്പിറ്റൽ നല്ലൂർനാട് യാഥാർത്ഥ്യമാക്കി. ഇത് റീജ്യണൽ ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ട് ആക്കി മാറ്റുന്നതിനുള്ള പദ്ധതിയും സർക്കാരിന്റെ പരിഗണനയിലാണ്. ദുർഘടമായ സ്ഥലങ്ങളിൽ ചികിൽസ ലഭ്യമാക്കുന്നതിനായി അനുയാത്ര, ശലഭം എന്നീ പദ്ധതികൾ നാടിന്റെ ആശ്രയമാണ്. ഇതിനു പുറമെ പനമരം മേഖലയിൽ ഒരു ട്രൈബൽ മൊബൈൽ യൂണിറ്റും അനുവദിച്ചു. തിരുവനന്തപുരം ശ്രീ ചിത്തിര ഇൻസ്റ്റിറ്റ്യൂട്ടുമായി സഹകരിച്ച് 1.5 കോടി ചെലവ് വരുന്ന രണ്ടു മൊബൈൽ ടെലി മെഡിസിൻ വാഹനങ്ങൾ ജില്ലയിൽ ലഭ്യമാക്കി. പൊതുജനാരോഗ്യ മേഖലയിൽ ജില്ലയിൽ നാലു സ്ഥലങ്ങളിൽ ഡയാലിസിസ് സേവനം ഉറപ്പുവരുത്തി (മാനന്തവാടി ജില്ലാ ആശുപത്രി, പനമരം സിഎച്ച്സി, സുൽത്താൻ ബത്തേരി-വൈത്തിരി താലൂക്ക് ആശുപത്രികൾ). പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച പൊഴുതന പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെയും 7 സബ് സെന്ററുകളുടെയും നിർമാണ പ്രവർത്തനങ്ങൾക്ക് 64.6 ലക്ഷം രൂപ എൻ.എച്ച്.എം. മുഖേന അനുവദിച്ചു. പ്രാഥമിക ഉപകേന്ദ്രങ്ങളുടെ നിലവാരം ഉയർത്തുന്നതിനായി 60 എണ്ണത്തിന് 7 ലക്ഷം വീതവും 61 എണ്ണത്തിന് 1.75 ലക്ഷം വീതവും അനുവദിച്ചു.

മൂന്നു നിയോജക മണ്ഡലങ്ങളാണ് വയനാട്ടിലുള്ളത്. ഇവിടങ്ങളിലെ ആശുപത്രികളിൽ സ്വകാര്യ മേഖലയെ വെല്ലുന്ന സൗകര്യങ്ങളാണുള്ളത്. നിയോജക മണ്ഡലം തിരിച്ചുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്നു നോക്കാം.

**മാനന്തവാടി നിയോജക മണ്ഡലം**

സൗകര്യക്കുറവുള്ള വാടകക്കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന വാളാട് പ്രാഥമികാരോഗ്യ കേന്ദ്രത്തിന് പുതിയ കെട്ടിടം നിർമിക്കുന്നതിനായി 80 സെന്റ് റവന്യൂഭൂമി ലഭ്യമാക്കി. പുതിയ ആശുപത്രിക്കായി ആവശ്യമായ തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വന്യമൃഗശല്യം രൂക്ഷമായ തിരുനെല്ലി മേഖലയിലുള്ളവർക്ക് അടിയന്തര വൈദ്യസഹായം ലഭ്യമാക്കുന്നതിന് കനിവ് (108) ആംബുലൻസ് അനുവദിച്ചു. പനമരം നഴ്സിംഗ് സ്കൂളിന്റെ നിർമാണപ്രവർത്തനങ്ങൾക്ക് 35 ലക്ഷം രൂപ സ്റ്റേറ്റ് ഫണ്ട് അനുവദിച്ചു. 3.85 കോടി (പ്ലാൻ ഫണ്ട്) ചിലവിൽ ജില്ലാ ആശുപത്രിക്ക് സമീപം ഗവ. നേഴ്സിങ് സ്കൂൾ, ഹോസ്റ്റൽ എന്നിവ നിർമിക്കുന്നതിന് അനുമതി നൽകി. പൊതുമരാമത്ത് വകുപ്പിന്റെ നേതൃത്വത്തിൽ പ്രവൃത്തികൾ പുരോഗമിക്കുന്നു. 20 ലക്ഷം രൂപ ചിലവിൽ പുതുശ്ശേരി ഗവൺമെൻറ് ആയുർവേദ ഡിസ്പെൻസറിയുടെ പ്രവൃത്തികൾ ജില്ലാ നിർമിതി കേന്ദ്രയുടെ നേതൃത്വത്തിൽ സമയബന്ധിതമായി പൂർത്തീകരിച്ച് പ്രവർത്തനസജ്ജമാക്കി. തൊണ്ടർനാട് പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ പുതിയ ഓഫീസ് ബിൽഡിംഗ് പണിയുന്നതിനായി എം.എസ്.ഡി.പി ഫണ്ടിൽ 25 ലക്ഷം രൂപ അനുവദിച്ചു. നിർമ്മിതി കേന്ദ്രയുടെ നേതൃത്വത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി. കുടുംബാരോഗ്യകേന്ദ്രം

(പേജ് രണ്ടിൽ തുടർന്നു വായിക്കുക)

> ദുർഘടമായ സ്ഥലങ്ങളിൽ ചികിൽസ ലഭ്യമാക്കുന്നതിനായി അനുയാത്ര, ശലഭം എന്നീ പദ്ധതികൾ നാടിന്റെ ആശ്രയമാണ്.

# ഉള്ളം തൊട്ട് 'ആർദ്രം ആരോഗ്യം'




**സംസ്ഥാനത്തെ** എല്ലാ താലൂക്ക്, ജില്ലാ, ജനറൽ ആശുപത്രികളിലും ആരോഗ്യവകുപ്പ് മന്ത്രി വീണ ജോർജ് നേരിട്ട് സന്ദർശിച്ച് പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്ന 'ആർദ്രം ആരോഗ്യം' പരിപാടിയ്ക്ക് തുടക്കമായി. എറണാകുളത്തു ആരംഭിച്ച സന്ദർശനം ഇടുക്കി, തൃശ്ശൂർ, മലപ്പുറം, കണ്ണൂർ ജില്ലകളിലാണ് ഇതുവരെ പൂർത്തിയാക്കിയത്. ആർദ്രം മാനദണ്ഡങ്ങൾ പ്രകാരം സ്പെഷ്യലിറ്റി സേവനങ്ങൾ താലൂക്ക് ആശുപത്രി തലംമുതലാണ് തുടങ്ങുന്നത്. നിലവിൽ നൽകപ്പെടുന്ന സേവനങ്ങളും ജനങ്ങൾക്ക് അത് അനുഭവവേദ്യമാകുന്നതും വിലയിരുത്തുക, നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി അവലോകനം ചെയ്യുക, മാനദണ്ഡ പ്രകാരമുള്ള സുരക്ഷാക്രമീകരണങ്ങൾ വിലയിരുത്തുക, മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉറപ്പാക്കുക തുടങ്ങി നിരവധി കാര്യങ്ങൾ സന്ദർശനത്തിന്റെ ഭാഗമാണ്.

ജില്ലാ, താലൂക്ക്, ജനറൽ ആശുപത്രികളിലെ പ്രവർത്തനങ്ങൾ നേരിട്ട് കണ്ടു മനസ്സിലാക്കാനും രോഗികളെ സന്ദർശിച്ച് അവരുടെ ആവശ്യങ്ങൾ ചോദിച്ചറിയുകയും ചെയ്യുന്നു. ആശുപത്രി കോമ്പൗണ്ടിലെ നിലവിലെ കെട്ടിടങ്ങളും പണിതു കൊണ്ടിരിക്കുന്ന കെട്ടിടങ്ങളും നോക്കി കണ്ട് തൽസ്ഥിതി വിലയിരുത്തുന്നുണ്ട്. ആശുപത്രികളിലെ പ്രധാന സൗകര്യങ്ങൾ, ഓപ്പറേഷൻ തിയേറ്ററുകൾ, വാർഡുകൾ, ടോയ്‌ലറ്റുകൾ അടക്കം സന്ദർശിക്കുന്നുണ്ട്.

രോഗികളോടും കൂട്ടിരിപ്പുകാരോടും കുഞ്ഞുങ്ങളോടും ആശുപത്രിയിലെ നിലവിലെ സൗകര്യങ്ങളെക്കുറിച്ചും ആരോഗ്യപ്രവർത്തകരുടെയും ജീവനക്കാരുടെയും പെരുമാറ്റത്തെ കുറിച്ചും അന്വേഷിക്കുന്നുണ്ട്. തങ്ങളുടെ വിവരങ്ങൾ അന്വേഷിക്കാൻ എത്തുന്ന മന്ത്രിയെ നിറഞ്ഞ സ്നേഹത്തോടെയാണ് സ്ത്രീകളും കുട്ടികളും ഉൾപ്പെടുന്ന രോഗികളും ജീവനക്കാരും സ്വീകരിക്കുന്നത്.

ഒരു സ്ഥാപനങ്ങളിലും നടപ്പാക്കേണ്ട പദ്ധതികൾ, മാറ്റങ്ങൾ എന്നിവ മന്ത്രി ചൂണ്ടിക്കാണിക്കുന്നുണ്ട്. പുതുതായി നടപ്പാക്കുന്ന പദ്ധതികളുടെ പ്രഖ്യാപനവും സന്ദർശന വേളയിൽ തന്നെ മന്ത്രി നിർവഹിക്കുന്നുണ്ട്.

ആരോഗ്യ സ്ഥാപനങ്ങളുടെ സുഗമമായ പ്രവർത്തനത്തിലും വളർച്ചക്കും സന്ദർശനം സഹായകരമാകും.

## സമഗ്രം, സമ്പൂർണം: ആരോഗ്യത്തോടെ ആതുരാലയങ്ങൾ

(പേജ് ഒന്നിൽ നിന്നും തുടർച്ച)

ഈ കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്.

**മാനന്തവാടി ജില്ലാ ആശുപത്രി**

വയനാട് ജില്ലയിലെ എട്ട് ലക്ഷത്തിലധികം വരുന്ന ജനങ്ങളുടേയും അയൽ ജില്ലയായ കണ്ണൂരിലേയും കർണ്ണാടകത്തിലെ കുടക്, തമിഴ്നാട്ടിലെ ഗൂഡല്ലൂർ എന്നിവടങ്ങളിലേയും ജനങ്ങളുടെ ആരോഗ്യപ്രശ്നങ്ങൾക്ക് പരിഹാരമാണ് മാനന്തവാടി ജില്ലാ ആശുപത്രി. 30 ശതമാനത്തിലധികം വരുന്ന രോഗികൾ പട്ടികവർഗ്ഗക്കാരാണ്. ആരോഗ്യരംഗത്ത് 80 വർഷത്തിലധികം പാരമ്പര്യമുള്ള ഈ സ്ഥാപനം 1923ൽ ഡിസ്പെൻസറി ആയാണ് ആരംഭിച്ചത്. തുടർന്ന് താലൂക്ക് ആശുപത്രിയായും 1980 ൽ 274 കിടക്കകളുള്ള ജില്ലാ ആശുപത്രിയായും ഉയർത്തപ്പെട്ടു. പിന്നീട് 2005ൽ 500 കിടക്കകൾ അനുവദിച്ചു. തുടർന്നു വരുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ഇങ്ങനെ:

1.07 കോടി രൂപ ചെലവിൽ ഒ.പി.ഡി. നവീകരണം ജില്ലാ നിർമിതി കേന്ദ്രം ഏറ്റെടുത്തു പൂർത്തിയാക്കി.

> 50 ലക്ഷം രൂപ ചെലവിൽ രോഗികളുടെ കൂട്ടിരിപ്പുകാർക്കുള്ള കാത്തിരിപ്പ് കേന്ദ്രം നിർമിച്ചു

40 ലക്ഷം രൂപ ചെലവിൽ പൂർത്തീകരിച്ച നേത്രരോഗ ചികിത്സാവിഭാഗം പൊതുജനങ്ങൾക്കായി തുറന്നുകൊടുത്തു. 8.23 കോടി ചിലവിൽ കാത്ത്‌ലാബ് നിർമ്മിച്ചു. 1 കോടി ലക്ഷ്യ ഫണ്ടിൽ അനുവദിച്ച ലേബർ റൂം സ്റ്റാൻഡേർഡൈസേഷൻ നിർമാണ പ്രവർത്തനങ്ങൾ ജില്ലാ നിർമിതി കേന്ദ്രയുടെ നേതൃത്വത്തിൽ പൂർത്തിയാക്കി. ഡെന്റൽ ലാബ് ആധുനിക സൗകര്യങ്ങളോടെ നവീകരിച്ചു. ആധുനിക സൗകര്യങ്ങളോടെ സ്പെഷ്യൽ ന്യൂബോൺകെയറിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് പ്രവർത്തനസജ്ജമാക്കി. നബാർഡ് മുഖേന അനുവദിച്ച 45 കോടിയുടെ മൾട്ടിപർപ്പസ് ഹോസ്പിറ്റൽ ബ്ലോക്ക് നിർമ്മാണ പ്രവർത്തനങ്ങൾ പി.ഡബ്ല്യു.ഡിയുടെ നേതൃത്വത്തിൽ പൂർത്തീകരിച്ചു. മുഖ്യമന്ത്രി പിണറായി വിജയനാണ് കെട്ടിടം നാടിനു സമർപ്പിച്ചത്. 50 ലക്ഷം രൂപ ചെലവിൽ രോഗികളുടെ കൂട്ടിരിപ്പുകാർക്കുള്ള കാത്തിരിപ്പ് കേന്ദ്രം നിർമിച്ചു. ബയോമെഡിക്കൽ മാലിന്യശേഖരണ യൂണിറ്റ് നിർമ്മാണം (15 ലക്ഷം) പൂർത്തിയായി. ശാരീരിക അവശതകൾ നേരിടുന്ന രോഗികളുടെ സൗകര്യാർത്ഥം 10 ലക്ഷം രൂപ ചെലവിൽ റാംപ് നിർമാണം പൂർത്തിയാക്കി. ഐ.സി.യു നവീകരണത്തിനായി 10 ലക്ഷം രൂപ ചെലവിട്ടു. 20 ലക്ഷം രൂപ ചെലവിൽ കുട്ടികളുടെ ബ്ലോക്ക് നവീകരിച്ചു. 46.12 ലക്ഷം രൂപ വിനിയോഗിച്ച് സെൻട്രൽ സ്റ്റോർ മെയിന്റനൻസ് നടത്തി. സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിനായി 1.23 കോടി രൂപ വിനിയോഗിച്ചു. 1 കോടി രൂപ ചെലവിൽ ഡയാലിസിസ് യൂണിറ്റ് മെയിന്റനൻസ് പൂർത്തിയാക്കി. 20 ലക്ഷം രൂപ ചെലവിൽ ആശുപത്രി കെട്ടിടത്തിന്റെ പെയിന്റിങ് ജോലികൾ പൂർത്തിയാക്കി. ജെറിയാട്രിക് വാർഡ് നിർമാണത്തിനായി 15 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 'കനിവ് 108' ആംബുലൻസ് സർവീസ് പ്രവർത്തനമാരംഭിച്ചു. ഹീമോഫീലിയ, സിക്കിൾസെൽ സെന്ററിന് 50 ലക്ഷം രൂപ വകയിരുത്തി. പ്രസവാനന്തരം അമ്മയും കുഞ്ഞിനെയും സുരക്ഷിതമായി വീട്ടിലെത്തിക്കുന്നതിന് മാതൃയാനം പദ്ധതി ആരംഭിച്ചു. കോവിഡ് ആശുപത്രിയായി മാറിയതിനു പിന്നാലെ സംസ്ഥാനത്ത് ആദ്യമായി പ്ലാസ്മ തെറാപ്പി തുടങ്ങി. ആശുപത്രിക്ക് പൊൻതൂവലായി മുട്ടുമാറ്റിവയ്ക്കൽ ശസ്ത്രക്രിയ വിജയകരമായി നടത്തി. കോസ്മെറ്റിക് ക്ലിനിക്ക് പ്രവർത്തനമാരംഭിച്ചു. അത്യാധുനിക സൗകര്യങ്ങളോടെ അത്യാഹിത വിഭാഗം പ്രവർത്തിക്കുന്നു. 10 മുതൽ 19 വരെ പ്രായമുള്ളവർക്കായി കൗമാര ആരോഗ്യസൗഹൃദ കേന്ദ്രം പ്രവർത്തിക്കുന്നു. സി.ടി സ്കാൻ അടക്കമുള്ള അത്യാധുനിക സംവിധാനങ്ങളോടെ സ്കാനിങ് സെന്റർ 24 മണിക്കൂറും പ്രവർത്തനക്ഷമമാണ്.



**കൽപ്പറ്റ നിയോജക മണ്ഡലം**

വാഴവറ്റ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ 2 കോടി രൂപ ചെലവിൽ പുതിയ കെട്ടിടം സാധ്യമാക്കി. തരിയോട് സ്ഥിതി ചെയ്യുന്ന ജില്ലാ ട്രെയിനിങ് സെന്റർ നവീകരണത്തിനായി 75 ലക്ഷം രൂപ അനുവദിക്കുകയും ജില്ലാ നിർമിതി കേന്ദ്രയുടെ നേതൃത്വത്തിൽ പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തു. 7.5 കോടി നബാർഡ് ഫണ്ട് ഉപയോഗിച്ച് വൈത്തിരി താലൂക്ക് ആശുപത്രിയിൽ നാലു നിലകളിലായി മെറ്റേണിറ്റി കോംപ്ലക്സ് നിർമ്മാണ പ്രവർത്തനങ്ങൾ പി.ഡബ്ല്യു.ഡിയുടെ മേൽനോട്ടത്തിൽ പൂർത്തീകരിച്ചു. പൊഴുതന ആശുപത്രിയിൽ എൻ.എച്ച്.എംന്റെ കായകൽപ്, അൺടൈഡ് (2018-19) എന്നീ ഫണ്ടുകളിൽ നിന്ന് അനുവദിച്ച 4 ലക്ഷം രൂപയ്ക്ക് ലാബ് നവീകരിച്ച് പ്രവർത്തനമാരംഭിച്ചു. കൽപ്പറ്റ ജനറൽ ആശുപത്രി, വൈത്തിരി താലൂക്ക് ആശുപത്രി എന്നിവിടങ്ങളിൽ മാസ്റ്റർപ്ലാൻ തയ്യാറാക്കി.

**കൽപ്പറ്റ ജനറൽ ആശുപത്രി**

കൽപ്പറ്റ ജനറൽ ആശുപത്രി പഴയ കെട്ടിടത്തിൽ നിന്നും കൈനാട്ടിയിലെ നവീകരിച്ച കെട്ടിടത്തിലേക്ക് പൂർണ്ണമായും മാറ്റി. 3 കോടി രൂപ ചിലവിൽ ഹോസ്പിറ്റൽ കോമ്പൗണ്ടിൽ ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രം (ഡി.ഇ.ഐ.സി) കെട്ടിടത്തിന്റെ പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്. അന്താരാഷ്ട്ര നിലവാരത്തിലുള്ള നോയ്ഡ മോഡൽ ഡി.ഇ.ഐ.സി ആക്കി മാറ്റുന്നതിന്റെ ഭാഗമാണിത്. ആശുപത്രിയിൽ 'ബറ' ഉൾപ്പെടെ അത്യാധുനിക കേൾവിപരിശോധനാ വിഭാഗം സജ്ജമാക്കി. ആർദ്രം പദ്ധതിയുടെ ഭാഗമായി 89.5 ലക്ഷം രൂപയുടെ ഒ.പി.ഡി ട്രാൻസ്ഫോർമേഷൻ പ്രവർത്തനങ്ങളായ ഫാർമസി സ്റ്റോർ, ശൗചാലയം, ഒ.പി കൗണ്ടറിന്റെ വിപുലീകരണം, പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം എന്നിവയുടെ നിർമാണപ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. 13 ഡോക്ടർമാർ അടക്കം (ഒരു ഡെപ്യൂട്ടി ഡയറക്ടർ, 9 സ്പെഷലിസ്റ്റ് ഉൾപ്പെടെ) 53 പുതിയ തസ്തികകൾ സൃഷ്ടിച്ചു. പേവാർഡ് നിർമ്മാണത്തിനായി എം.എൽ.എ ഫണ്ടിൽ നിന്നും അനുവദിച്ച 75 ലക്ഷം രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചു. ഡിഇഐസി കെട്ടിടത്തിനായി മൂന്നു കോടി രൂപ സാമൂഹികനീതി വകുപ്പ് വകയിരുത്തി കൽപ്പറ്റ ജനറൽ ആശുപത്രി പരിസരത്ത് നിർമ്മാണം പൂർത്തീകരിച്ചു. 33 ലക്ഷം രൂപ വകയിരുത്തി (ആരോഗ്യവകുപ്പ്) ജില്ലാ നിർമ്മിതി കേന്ദ്ര വഴി നിലവിലെ ഓഫിസ് ബ്ലോക്കിന് മുകളിലായി എം ആർഎൽ കെട്ടിടം പ്രവർത്തനസജ്ജമാക്കി.

**മേപ്പാടി എഫ്.എച്ച്.സി**

മേപ്പാടി സി.എച്ച്.സിയിൽ എം.എസ്.ഡി.പി പദ്ധതിയിൽ ഉൾപ്പെടുത്തി ഒരുകോടി രൂപ ചെലവിൽ ഐ.പി കെട്ടിടം നിർമിച്ചു. സ്റ്റാഫ് നഴ്സ്, ഫിസിയോതെറാപിസ്റ്റ് എന്നിവരുടെ സേവനമുൾപ്പെടുത്തി സെക്കൻഡറി പാലിയേറ്റീവ് യൂണിറ്റ് തുടങ്ങി. ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് 7 ലക്ഷം രൂപ ഉപയോഗിച്ച് പഴയ ഐ.പി കെട്ടിടം നവീകരിച്ച് പ്രവർത്തനക്ഷമമാക്കി. ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് വെയ്റ്റിങ് ഏരിയ, ഫാർമസി റാക്കുകൾ തുടങ്ങിയവ സജ്ജീകരിച്ച് അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിച്ചു.

**വൈത്തിരി താലൂക്ക് ആശുപത്രി**

കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് അനുവദിച്ച 7 ലക്ഷം രൂപ ഉപയോഗിച്ച് ഡയാലിസിസ് യൂണിറ്റ് യാഥാർത്ഥ്യമാക്കി. ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ട് ഉപയോഗിച്ച് 1,79,772 രൂപ അടങ്കലിൽ ആശുപത്രിക്ക് ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കി. വാർഡുകളിൽ സെൻട്രലൈസ്ഡ് ഓക്സിജൻ വിതരണ സംവിധാനമൊരുക്കാൻ കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് 7,61,661 രൂപ വിനിയോഗിച്ചു. നബാർഡ് അനുവദിച്ച 7.5 കോടി രൂപ വിനിയോഗിച്ച് പ്രസവ ചികിത്സാ കെട്ടിട നിർമാണം പൂർത്തിയാക്കി. എം.എസ്.ഡി.പി പദ്ധതിയിൽ ഉൾപ്പെടുത്തി 1 കോടി രൂപ അടങ്കലിൽ പുതിയ ഒ.പി കെട്ടിടം നിർമാണം പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കി. എൻ.എച്ച്.എം അനുവദിച്ച 10 ലക്ഷം രൂപ വിനിയോഗിച്ച് ആന്റി നാറ്റൽ ട്രൈബൽ ഹോം (2 യൂണിറ്റ്) നിർമാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി. ഒ.പി. ബിൽഡിങ് പരിസരം ഇന്റർലോക്ക് ചെയ്യുന്നതിനും ഡ്രെയിനേജ് സംവിധാനമൊരുക്കുന്നതിനും എൻ.എച്ച്.എം. അനുവദിച്ച 5 ലക്ഷം രൂപ വിനിയോഗിച്ചു. മാതൃയാനം, കനിവ് 108 ആംബുലൻസ് എന്നീ സേവനങ്ങൾ ആരംഭിച്ചു.

**സുൽത്താൻ ബത്തേരി നിയോജക മണ്ഡലം**

3.30 കോടി ചിലവിൽ മീനങ്ങാടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ എം.സി.എച്ച് കെട്ടിടം നിർമ്മിച്ചു. 3 കോടി രൂപ എം.എസ്.ഡി.പി ഫണ്ട് വകയിരുത്തി പുൽപ്പള്ളി സി.എച്ച്.സി കെട്ടിടനിർമാണം പൂർത്തിയാക്കി. നൂൽപ്പുഴ കുടുംബാരോഗ്യ കേന്ദ്രത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 32 ലക്ഷം രൂപ അനുവദിച്ചു.

**സുൽത്താൻ ബത്തേരി താലൂക്ക് ആശുപത്രി**

പുതിയ കെട്ടിടത്തിനായി അഞ്ചു കോടി രൂപ അനുവദിക്കുകയും പ്രവൃത്തികൾ നിർമ്മിതി കേന്ദ്രയുടെ നേതൃത്വത്തിൽ പൂർത്തീകരിക്കുകയും ചെയ്തു. നവജാത ശിശുക്കളുടെ തീവ്രപരിചരണ വിഭാഗം, മെഡിസിൻ ഐ.സി.യു., സർജിക്കൽ ഐ.സി.യു., നൂതന ശസ്ത്രക്രിയാ വിഭാഗം, അധികമായി 2 ലിഫ്റ്റുകൾ തുടങ്ങിയവ പുതിയ കെട്ടിടത്തിലുണ്ടാകും. പ്രതിദിനം 140 കിലോലിറ്റർ മലിനജലം ശുദ്ധീകരിക്കാൻ ശേഷിയുള്ള സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് പ്രവർത്തനസജ്ജം. സുൽത്താൻ ബത്തേരി ബ്ലോക്ക് പഞ്ചായത്ത്, ശുചിത്വമിഷൻ എന്നിവ അനുവദിച്ച 1 കോടി രൂപ ചെലവിലാണ് നിർമ്മാണം. പ്ലാന്റിൽ ഉപയോഗിച്ചിരിക്കുന്നത് മൂവിങ് ബെഡ് ബയോറിയാട്കർ ടെക്നോളജി. 2.27 കോടി എൻ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച് മോർച്ചറി, ബ്ലഡ് ബാങ്ക്, എക്സ്-റേ ബ്ലോക്കുകൾ നിർമ്മിച്ചു. പ്രവൃത്തി പൂർത്തീകരിച്ചത് എച്ച്.എൽ.എൽ. നിർധന രോഗികൾക്ക് ആശ്വാസമായി ഡയാലിസിസ് യൂണിറ്റ്. എം.എസ്.ഡി.പി. ഫണ്ട് 1 കോടി രൂപ ചെലവിൽ നിർമ്മിതി കേന്ദ്രയാണ് പ്രവൃത്തി പൂർത്തീകരിച്ചത്. 25 കോടി നബാർഡ് ഫണ്ട് വിനിയോഗിച്ച് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പി.ഡബ്ല്യു.ഡിയുടെ നേതൃത്വത്തിൽ പൂർത്തീകരിച്ചു. ആർദ്രം പദ്ധതിയുടെ ഭാഗമായി 1 കോടി 45 ലക്ഷം രൂപയുടെ ഒ.പി.ഡി ട്രാൻസ്ഫർമേഷൻ നടത്തി.

> ഡിഇഐസി കെട്ടിടത്തിനായി മൂന്നു കോടി രൂപ സാമൂഹിക നീതി വകുപ്പ് വകയിരുത്തി കൽപ്പറ്റ ജനറൽ ആശുപത്രി പരിസരത്ത് നിർമ്മാണം പൂർത്തീകരിച്ചു

# യുവത്വത്തിന്റെ ഉത്സവമായ് റേസ് ടു ഹെൽത്ത് ക്യാമ്പയിൻ



**ഇടുക്കി**: ജില്ലയിൽ യുവജനങ്ങളുടെ സഹകരണത്തോടെ ജില്ലാ ആരോഗ്യവകുപ്പും ആരോഗ്യകേരളവും ജീവിതശൈലി രോഗനിയന്ത്രണ പദ്ധതിയുടെ ആഭിമുഖ്യത്തിൽ ആരംഭം കുറിച്ച മയക്കുമരുന്നിനെതിരെയുള്ള ക്യാമ്പയിൻ Race to health ന്റെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്ക് ആരംഭം കുറിച്ചു. ഇടുക്കി ജില്ലയിലെ എല്ലാ ഹെൽത്ത് ബ്ലോക്കുകളിലും നടക്കുന്ന ക്യാമ്പയിനിൽ അതാത് മേഖലയിലെ ഗവൺമെന്റ്, പ്രൈവറ്റ് കോളേജുകൾ എൻ.എസ്.എസ് യൂണിറ്റിന്റെ നേതൃത്വത്തിൽ പങ്കാളിയാവുന്നു.

പദ്ധതിയുടെ ഭാഗമായി ബ്ലോക്ക് തലത്തിൽ കോളേജുകൾ കേന്ദ്രീകരിച്ച് ലഹരി ജീവിതത്തിൽ ബാധിക്കുന്ന വിവിധ തലങ്ങളെ കുറിച്ച് ബോധവത്ക്കരണ ക്ലാസ്സുകളും ജീവിതശൈലിരോഗ നിർണ്ണയ പരിശോധനയും ലഹരി വിരുദ്ധ പ്രതിജ്ഞയും നടക്കും. കൂടാതെ ജില്ലയിലെ എല്ലാ കോളേജുകളിലും ലഹരി മുക്ത കൊടികൾ ഉയർത്തുകയും ലഹരിക്കെതിരായ ബോധവത്ക്കരണ ഗ്രാഫിറ്റി വാൾപെയിന്റിംഗും നടക്കുന്നു.

ജില്ലയിലെ ആദ്യ ബ്ലോക്ക് തല പരിപാടി മുട്ടം ഹെൽത്ത് ബ്ലോക്കിന്റെ നേതൃത്വത്തിൽ മൂലമറ്റം സെന്റ് ജോസഫ്സ് കോളേജിൽ നടന്നു. പദ്ധതിയുടെ ഭാഗമായി പൊതു സമ്മേളനവും ലഹരിബോധവത്ക്കരണക്ലാസും നടത്തപ്പെട്ടു. കൂടാതെ ബ്ലോക്കിന് കീഴിലുള്ള കോളേജുകൾ തമ്മിൽ ഫുട്ബോൾ, വോളിബോൾ, ബാഡ്മിന്റൺ മത്സരങ്ങൾ നടത്തപ്പെട്ടു.

വിദ്യാർത്ഥികളുടെ ഇടയിൽ കായിക വിനോദങ്ങളിലൂടെ ലഹരിക്കെതിരായ ബോധവത്ക്കരണം സൃഷ്ടിക്കുക എന്നതിനൊപ്പം ശാരീരികാധ്വനത്തിന്റെ പ്രാധാന്യം അറിയിക്കുക എന്നതും കായിക മത്സരങ്ങളുടെ ലക്ഷ്യമാണ്. കൂടാതെ കോളേജ് തല പോസ്റ്റർ, രചന മത്സരവും സാമൂഹിക മാധ്യമങ്ങൾക്കായുള്ള റീൽസ് മേക്കിംഗ് മത്സരവും, ഡിജിറ്റൽ പോസ്റ്റർ രചന മത്സരവും നടക്കുന്നു. ബ്ലോക്കുതലത്തിൽ വിജയികളാകുന്ന ടീമിന് ഡിസംബർ മാസത്തിൽ ഇടുക്കി ജില്ലാതല സമാപന പരിപാടിയിൽ പങ്കെടുക്കുന്നതിനുള്ള അവസരം ഉണ്ടായിരിക്കും. പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം 2023 ജൂൺ 26-ന് കുട്ടിക്കാനം മരിയൻകോളേജിൽബഹു. ജില്ലാ കളക്ടർ ഷീബാ ജോർജ്ജ് ഐ.എ.എസ് നിർവ്വഹിച്ചിരുന്നു. മുട്ടം ബ്ലോക്ക് തല ഉദ്ഘാടനം തൊടുപുഴ ബ്ലോക്ക് പ്രസിഡന്റ് ശ്രീ. സുനി സാബു നിർവ്വഹിച്ചു. ജില്ലാ നോഡൽ ഓഫീസർ ഡോ. സുരേഷ് വർഗീസ് എസ് വിഷയാവതരണം നടത്തി. ബ്ലോക്ക് മെഡിക്കൽ ഓഫിസർ ഉൾപ്പെടെ ആരോഗ്യ വകുപ്പിലേയും എൻ.എച്ച്.എം ലേയും കോളേജുകളിലേയും പ്രതിനിധികളും ഉദ്യോഗസ്ഥരും പരിപാടിയിൽ പങ്കെടുത്തു.

ഏകാരോഗ്യവുമായി ബന്ധപ്പെട്ട പദ്ധതി വിലയിരുത്തലിനായി

# ലോക ബാങ്ക് സംഘം കോട്ടയത്തെത്തി

**വിവിധ ആശുപത്രികൾ സംഘം സന്ദർശിച്ചു പ്രവർത്തനങ്ങൾ വിലയിരുത്തി.**



**കോട്ടയം**: ലോക ബാങ്ക്സഹായത്തോടെകോട്ടയം, പത്തനംതിട്ട, ഇടുക്കി, ആലപ്പുഴ എന്നീ ജില്ലകളിൽ നടപ്പിലാക്കുന്ന ഏകാരോഗ്യ പദ്ധതിയുടെ പ്രവർത്തന പുരോഗതി നേരിൽ വിലയിരുത്തുന്നതിനായി കോട്ടയം ജില്ലയിലെ വിവിധ ആശുപത്രികൾ സംഘം സന്ദർശിച്ചു .

ജന്തുരോഗങ്ങളും, കാലാവസ്ഥ വ്യതിയാനവും, ജല അന്തരീക്ഷ മലിനീകരണവും മൂലമുള്ള രോഗങ്ങളും പടരുന്ന സാഹചര്യത്തിൽ മനുഷ്യനൊപ്പം ഇതര ജീവികളുടെയും, പരിസ്ഥിതിയെയും ഉൾക്കൊള്ളുന്നതാണ് ഏകാരോഗ്യം എന്ന കാഴ്ചപ്പാട്. മനുഷ്യന്റെ നിലനിൽപ്പുതന്നെ മറ്റു ജീവജാലങ്ങളുടെ ആരോഗ്യവും, പരിസ്ഥിതി സംരക്ഷണവും കണക്കിലെടുത്താണ് എന്നുള്ളതുകൊണ്ട് തന്നെ ഏകാരോഗ്യം പദ്ധതി വളരെ പ്രാധാന്യമർഹിക്കുന്നതാണ്. ജില്ലയിൽ സാമൂഹിക ആരോഗ്യ കേന്ദ്രം കുമരകം, കുടുംബാരോഗ്യകേന്ദ്രം പാറമ്പുഴ, ജനകീയ ആരോഗ്യകേന്ദ്രം പറമ്പൂക്കര, താലൂക് ആശുപത്രി പാമ്പാടി, ജില്ലാ ആശുപത്രി കോട്ടയം, മെഡിക്കൽ കോളേജ് കോട്ടയം എന്നി സ്ഥാപനങ്ങളിൽ ലോക ബാങ്ക് സംഘം സന്ദർശനം നടത്തി.

കഴിഞ്ഞ വർഷമാണ് ഈ പദ്ധതി ആരംഭിച്ചത്. ആദ്യ ഘട്ടത്തിൽ ജില്ലാ, പഞ്ചായത്തു തലത്തിൽ ഏക ആരോഗ്യ സമിതികൾ രൂപികരിച്ചു ആരോഗ്യ പ്രവർത്തകർക്ക്ബോധവൽക്കരണം നൽകുവാൻ ആയിരുന്നു നിർദേശം ഇതിനായി 15 ലക്ഷം രൂപ ജില്ലക്കായി അനുവദിച്ചു. ആശുപത്രി തലത്തിൽ ജീവിതശൈലി രോഗനിയന്ത്രണ പ്രവർത്തനങ്ങളും, പദ്ധതിയുടെ ഭാഗമായി നിലവിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുമാണ് സംഘം വിലയിരുത്തിയത് ലോക ബാങ്ക് റീജിയണൽ കോഓർഡിനേറ്റർ ഡോക്ടർ. സതീഷ്കുമാർ, ഡോക്ടർ. ദീപിക ചൗധരി എന്നിവരുടെ നേതൃത്വത്തിൽ ഉള്ള സംഘമാണ് ജില്ലയിലെത്തിയത്. ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. എൻ പ്രിയ, ജില്ലാ പ്രോഗ്രാം മാനേജർ ഡോ. അജയ് മോഹൻ, ഡെപ്യൂട്ടി ഡി.എം.ഒ മാരായ ഡോ.ജെസ്സി, ഡോ. സിതാര, ആർദ്രം നോഡൽ ഓഫീസർ ഡോ. ഭാഗ്യശ്രീ എന്നിവർ ടീമിനൊപ്പം ഉണ്ടായിരുന്നു .

> മനുഷ്യനൊപ്പം ഇതര ജീവികളെയും, പരിസ്ഥിതിയെയും ഉൾക്കൊള്ളുന്നതാണ് ഏകാരോഗ്യം എന്ന കാഴ്ചപ്പാട്

# അമ്മമാർക്കും കുട്ടികൾക്കും കരുതൽ

**വൈവിധ്യമാർന്ന മാതൃശിശു സംരക്ഷണ പദ്ധതികൾ**



**കോഴിക്കോട്**: പ്രസവമോ കുട്ടികളുമായി ബന്ധപ്പെട്ട ഗുരുതരമായ രോഗമോ അപകടമോ എന്തുമാവട്ടെ കൈവിട്ടുപോകുമെന്ന ഘട്ടത്തിൽ സ്വകാര്യ ആശുപത്രികളിൽ നിന്നും ആംബുലൻസ് കുതിക്കുന്നത് കോഴിക്കോട് മെഡിക്കൽ കോളേജ് മാതൃശിശു സംരക്ഷണ കേന്ദ്രത്തിലേക്കാണ്. ഇവിടെയെത്തിയാൽ ജീവൻ രക്ഷപ്പെടുമെന്ന് ഉറപ്പുണ്ട്.

നവജാത ശിശു മുതൽ 12 വയസ്സ് വരെയുള്ള കുട്ടികളുടെ പരിചരണം പ്രസവം എന്നിവയാണ് പ്രധാനം. രണ്ട് വിഭാഗങ്ങളിലായി 740 പേരെ കിടത്തി ചികിൽസിക്കാം. അഞ്ച് കട്ടിലുകൾ വീതമുള്ള പത്ത് ഐ.സി.യു.കൾ, മുപ്പത് വെന്റിലേറ്ററുകൾ, സ്കാനിംഗ് ആധുനിക തിയേറ്ററുകൾ ഗർഭിണികൾക്കായി വെന്റിലേറ്ററോടുകൂടിയ ഐ.സി.യു, ഹൈഡിപ്പൻസി യുണിറ്റ് തുടങ്ങി എല്ലാ ആധുനിക ചികിത്സാ സൗകര്യങ്ങളുണ്ട്.

ഇവിടെ ആയിരത്തോളം പേർ ഓ.പിയിൽ എത്തുന്നു. നൂറിലേറെ പേരെ കിടത്തി ചികിത്സക്കായി പ്രവേശിപ്പിക്കുന്നു. പത്തിലേറെ കുട്ടികൾക്ക് ശസ്ത്രക്രിയ നടത്തുന്നു. ഗർഭിണികൾക്ക് മികച്ച സേവനം നൽകുക എന്ന ലക്ഷ്യത്തോട് കൂടി ലോകാരോഗ്യ സംഘടനയും, കേന്ദ്ര ആരോഗ്യ മന്ത്രാലയവും നാഷണൽ ഹെൽത്ത് മിഷനും ആരംഭിച്ച പദ്ധതിയാണ് ലക്ഷ്യ. ഈ ആശുപത്രിയിൽ ലക്ഷ്യ മാർഗ നിർദേശങ്ങൾക്കനുസരിച്ചാണ് സഖി ലേബർ റൂം അനക്സ് നിർമിച്ചിരിക്കുന്നത്.

അമ്മയുടെ രോഗാവസ്ഥ / മരണം പാൽ ഉൽപ്പാദനം കുറയുക എന്നീ കാരണങ്ങൾ കൊണ്ട് കുഞ്ഞുങ്ങൾക്ക് മുലപ്പാൽ ആവശ്യമായ തോതിൽ ലഭ്യമാവാത്ത സാഹചര്യത്തിൽ മുലപ്പാൽ ശേഖരിച്ച് അണുവിമുക്തമാക്കി നവജാത ശിശുക്കൾക്ക് നൽകുന്ന മുലപ്പാൽ ബാങ്കുമുണ്ട്. ഇമ്യുണോഡെഫിഷ്യൻസി, ജെനറ്റിക്ക്, കാർഡിയോളജി, ആസ്മ തുടങ്ങി 13 ക്ലിനിക്കുകൾ പ്രവർത്തിക്കുന്നു. തീവ്ര പരിചരണം ആവശ്യമുള്ള കുഞ്ഞുങ്ങൾക്ക് അമ്മമാരുടെ സാമീപ്യം ഉറപ്പാക്കുന്ന മദർ ന്യൂബോൺ കെയർ യൂണിറ്റ് സംസ്ഥാനത്ത് ആദ്യമാണ്. ആരോഗ്യ ഇൻഷുറൻസ് ഉള്ള തിനാൽ സൗജന്യ ചികിത്സയും ലഭ്യമാണ്. സ്വകാര്യ ആശുപത്രികളിൽ 30 ലക്ഷത്തിലേറെ ചെലവ് വരുന്ന കുട്ടികളുടെ ഹൃദയ ശസ്ത്രക്രിയക്കുള്ള ഹൃദ്യം, പ്രസവാനന്തരം അമ്മയ്ക്കും കുഞ്ഞിനും വീട്ടിലെത്താൻ യാത്ര ചെലവ് നൽകുന്ന മാതൃയാനം തുടങ്ങി ആറു സേവന പദ്ധതികൾ ലഭ്യമാണ്. അമ്മമാർക്കും കുഞ്ഞുങ്ങൾക്കും ലഭിക്കുന്ന പരിചരണവും സേവനവും മുൻനിർത്തി ദേശീയ തലത്തിലുള്ള ലക്ഷ്യ അവാർഡും മികച്ച മാതൃശിശു സൗഹാർദ ആശുപത്രിക്കുള്ള അവാർഡും കഴിഞ്ഞ വർഷം ലഭിച്ചു .

മാതൃ ശിശു സംരക്ഷണത്തിനായി നൂതനവും ഗുണമേന്മയുമുള്ള പദ്ധതികളാണ് ഗവണ്മെന്റ് മാതൃ ശിശു സംരക്ഷണ കേന്ദ്രത്തിൽ നടപ്പിലാക്കി വരുന്നത്. ഏഷ്യയിൽ തന്നെ ഏറ്റവും കൂടുതൽ പ്രസവം നടക്കുന്ന രണ്ടാമത്തെ ആശുപത്രിയിൽ ഈ സംവിധാനങ്ങൾ പ്രാവർത്തികമായതിനാൽ തീർച്ചയായും കൂടുതൽ അമ്മമാർക്കും കുഞ്ഞുങ്ങൾക്കും ഇതിന്റെ ഗുണഫലം ലഭിക്കുന്നതാണ്

# സമപ്രായക്കാർക്കായി 400 കുട്ടി ഡോക്ടർമാർ തയ്യാർ



**പത്തനംതിട്ട**: കൗമാരക്കാരുടെ ശാരീരികവും മാനസികവും സാമൂഹികവുമായ വളർച്ചയും വികാസവും ലക്ഷ്യമാക്കി പിയർ എഡ്യൂക്കേഷൻ പ്രോഗ്രാം (കുട്ടി ഡോക്ടർ പരിപാടി) ജില്ലയിൽ ആരംഭിക്കുന്നതിന്റെ ഭാഗമായി ജില്ലയിലെ 10 ആരോഗ്യ ബ്ലോക്കുകളിൽ നിന്നും തെരഞ്ഞെടുത്ത 400 സ്കൂൾ കുട്ടികളുടെ പരിശീലനം പൂർത്തിയായി. കൗമാരക്കാരുടെ അടുക്കലേക്ക് പരിശീലനം ലഭിച്ച സമപ്രായക്കാരായ കുട്ടികളിലൂടെ സൗഹാർദ്ദപരമായി എത്തിച്ചേരുന്നതിനുള്ള പ്രത്യേക പദ്ധതിയാണ് പിയർ എഡ്യുക്കേഷൻ പ്രോഗ്രാം. ആസൂത്രിതവും അല്ലാതെയുമുള്ള ആരോഗ്യ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ കൗമാരക്കാർക്കിടയിൽ നടത്തുകയാണ് ഇതിന്റെ ലക്ഷ്യം. സ്കുളുകളിൽ നിന്ന് നിശ്ചിത എണ്ണം ആൺകുട്ടികളേയും, പെൺകുട്ടികളേയും തെരഞ്ഞെടുക്കയാണ് ആദ്യ നടപടി. കൗമാരക്കാരെ സംബന്ധിക്കുന്ന വിവിധ വിഷയങ്ങളിൽ ഈ കുട്ടികൾക്ക് പരിശീലനം നൽകുന്നു. മുതിർന്നവരോടോ, ആരോഗ്യപ്രവർത്തകരോടോ പങ്കുവെയ്ക്കാൻ മടിക്കുന്ന കൗമാരക്കാരുടെ പ്രശ്നങ്ങൾ നന്നായി മനസിലാക്കി അവരെ സഹായിക്കുന്ന വിശ്വസ്ത സുഹൃത്തായി ഈ കുട്ടികൾ പ്രവർത്തിക്കുന്നു. അവരുടെ പ്രശ്നങ്ങളുടെ രഹസ്യ സ്വഭാവം കാത്ത് സൂക്ഷിച്ചുകൊണ്ടുതന്നെ വേണ്ട നിയമ-വൈദ്യ സഹായവും പിയർഎഡ്യൂക്കേറ്റർമാർ ലഭ്യമാക്കുന്നു. പത്തനംതിട്ട ജില്ലാ മെഡിക്കൽ ആഫീസും, ആരോഗ്യകേരളവും ചേർന്നാണ് ജില്ലയിൽ പരിപാടി നടപ്പാക്കുന്നത്.


## പത്രാധിപ സമിതി

ചീഫ് എഡിറ്റർ
**കെ ജീവൻ ബാബു ഐ എ എസ്**
സ്റ്റേറ്റ് മിഷൻ ഡയറക്ടർ, എൻ എച്ച് എം

എഡിറ്റർ
**കെ പി ശിനോഷ്**
സീനിയർ കൺസൾട്ടന്റ്, ബി സി സി

മാനേജിംഗ് എഡിറ്റർ
**ഡോണ തോമസ്**
ജെ സി(ഡിഃസി), സ്റ്റേറ്റ് മിഷൻ ഓഫീസ്

അസോ. എഡിറ്റർ
**ടി സ്മൃതി ലക്ഷ്മി**
കൺസൾട്ടന്റ്, സ്റ്റേറ്റ് മിഷൻ ഓഫീസ്
**കെ കെ ഷൈജിൽ**
ജെ സി(ഡിഃസി), സ്റ്റേറ്റ് മിഷൻ ഓഫീസ്

അംഗങ്ങൾ

**വർഷ ജയപ്രകാശ്**
ജെ സി (ഡിഃസി), തിരുവനന്തപുരം
**ആഗ്നൽ ജോസഫ്**
കൺസൾട്ടന്റ്, ആലപ്പുഴ
**ജിജിൽ മാത്യു**
കൺസൾട്ടന്റ്(ഡിഃസി), ഇടുക്കി
**ഡാനി പ്രിയൻ**
കൺസൾട്ടന്റ്(ഡിഃസി), തൃശ്ശൂർ
**പ്രീത എം**
ജെ സി(ഡിഃസി), പാലക്കാട്
**ദിവ്യ ഇ ആർ**
ജെ സി(ഡിഃസി), മലപ്പുറം
**ദിവ്യ**
കൺസൾട്ടന്റ്(ഡിഃസി), കോഴിക്കോട്
**ബിൻസി രവീന്ദ്രൻ**
ജെ സി (ഡിഃസി),കണ്ണൂർ
**കമൽ കെ ജോസ്**
ജെ സി (ഡിഃസി), കാസർഗോഡ്
**വിനീഷ് സി ആർ**
കൺസൾട്ടന്റ്, കോട്ടയം
**വിനു എ**
കൺസൾട്ടന്റ്(ഡിഃസി), എറണാകുളം
**നിജിൽ**
ജെ സി(ഡിഃസി), വയനാട്
**അജിത് കുമാർ പി എ**
ജെ സി(ഡിഃസി), പത്തനംതിട്ട
**ശ്രീദേവി കെ എസ്**
ക്ലർക്ക്, ഡി ഇ ഒ സ്റ്റേറ്റ് മിഷൻ ഓഫീസ്

# കുറ്റിപ്പുറം താലൂക്ക് ആശുപത്രിയിൽ 4 നില കെട്ടിടം

### അനുവദിച്ചത് 17.85 കോടി



**മലപ്പുറം**: വർഷങ്ങൾ നീണ്ട കാത്തിരിപ്പിനൊടുവിൽ കുറ്റിപ്പുറം ഗവ. താലൂക്ക് ആശുപത്രിയിൽ വികസനമെത്തുന്നു. കഴിഞ്ഞ 6 വർഷമായി നിർമ്മാണം നിലച്ച ബഹുനില കെട്ടിടത്തിന്റെ പൂർത്തീകരണത്തിനായി 17.85 കോടി സർക്കാർ അനുവദിച്ചു.പുതിയ കെട്ടിടം പൂർത്തിയാകുന്നതോടെ കുറ്റിപ്പുറം താലൂക്ക് ആശുപത്രിയുടെ നിലവിലെ പ്രതിസന്ധിക്ക് പരിഹാരമാകും. സാമൂഹികാരോഗ്യ കേന്ദ്രമായിരുന്ന കുറ്റിപ്പുറം ആശുപത്രിയെ 2011 ലാണ് താലൂക്കാശുപത്രിയായി ഉയർത്തിയത്.

**4419 ചതുരശ്ര മീറ്റർ വിസ്തൃതി, 4 നിലകൾ**

കുറ്റിപ്പുറം താലൂക്ക് ആശുപത്രിയിൽ 4 നില കെട്ടിടമാണ് നിർമ്മിക്കുന്നത്. ഗ്രൗണ്ട് ഫ്ളോറിൽ കാഷ്വാലിറ്റി, ഫാർമസി, 3 ഒപി റൂം, എക്സ്റേ, ഫാർമസി എന്നിവയും ഒന്നാം നിലയിൽ 2 മേജർ ഓപ്പറേഷൻ തീയറ്ററുകൾ, മൈനർ ഓപ്പറേഷൻ തീയറ്റർ, അനസ്തേഷ്യ റൂം, ഐസിയു, പോസ്റ്റ് ഒ.പി വാർഡ്, ലേബർ ഐ.സി.യു, റിക്കവറി റൂം, വിശ്രമമുറി എന്നിവയും, രണ്ടാം നിലയിൽ 14 കിടക്കകളുള്ള പീഡിയാട്രിക് വാർഡ്, 2 ഗൈനക് ഒ.പി, ഒഫ്ത്താൽ യൂണിറ്റ്, മൂന്നാം നിലയിൽ 16 കിടക്കകളുള്ള സ്ത്രീകളുടേയും കുട്ടികളുടേയും വാർഡുകൾ, 6 മറ്റ് മുറികൾ, സ്റ്റോർ എന്നിവയുമുണ്ടാകും.

നിർമാണം പുനരാരംഭിക്കുന്ന കെട്ടിടത്തിന് സമീപത്തായി കണ്ണാശുപത്രി സജ്ജമായിട്ടുണ്ട്. എൻ.എച്ച്.എം ന്റെ 1.54 കോടി രൂപ ഉപയോഗിച്ചാണ് കണ്ണ് ചികിത്സാ വിഭാഗത്തിന് മാത്രമായി 2 നില കെട്ടിടം സജ്ജീകരിച്ചത്. ഓപ്പറേഷൻ തിയറ്റർ, ഐ.പി വാർഡ് അടക്കമുള്ള സൗകര്യങ്ങൾ ഇതിലുണ്ട്. ഇത് ഉടൻ പ്രവർത്തനമാരംഭിക്കും. 500 മുതൽ 800 വരെ രോഗികളാണ് ദിനംപ്രതി എത്തുന്നത്.

മികച്ച അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതോടെ സ്ഥാപനത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ആശുപത്രിയിൽ എത്തുന്ന രോഗികൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനും സാധിക്കും. ഗൈനക്കോളജി, ശിശുരോഗവിഭാഗം, ജനറൽ മെഡിസിൻ ഒഫ്താൽമോളജി, ദന്തവിഭാഗം, ജനറൽ ഒ.പി, എല്ലുരോഗവിഭാഗം, രാത്രി ഒ.പി തുടങ്ങിയ സേവനങ്ങൾ കുറ്റിപ്പുറം താലൂക്കാശുപത്രിയിലൂടെ ജനങ്ങൾക്ക് ലഭ്യമാകുന്നു.

# 'ഹൃദയത്തെ അറിയാം'... പരിചരിക്കാം ലോക ഹൃദയദിനം ആചരിച്ചു.



**കാസറഗോഡ്**: ലോക ഹൃദയദിനത്തിന്റെ ജില്ലാതല ഉദ്ഘാടനം ജില്ലാ കളക്ടർ കെ ഇമ്പ ശേഖർ ഐ.എ.എസ് നിർവ്വഹിച്ചു. കാഞ്ഞങ്ങാട് ജില്ലാ ആശുപത്രി ടെലിമെഡിസിൻ ഹാളിൽ നടന്ന ചടങ്ങിൽ നഗരസഭ ചെയർപേഴ്സൺ കെ.വി സുജാത ടീച്ചർ അദ്ധ്യക്ഷത വഹിച്ചു. ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.രാംദാസ് എ വി ദിനാചരണ സന്ദേശം നൽകി.

മനുഷ്യശരീരത്തിലെ ഏറ്റവും പ്രധാനപ്പെട്ട അവയവമാണ് ഹൃദയം. ഹൃദയത്തെപ്പറ്റി ഓർമ്മിപ്പിക്കാനും ഹൃദയാരോഗ്യ സംരക്ഷണത്തെകുറിച്ച് അറിയാനുമാണ് വേൾഡ് ഹാർട്ട് ഫെഡറേഷനും ലോകാരോഗ്യ സംഘടനയും സംയുക്തമായി ഈ ദിനം ആചരിക്കുന്നത്.

'ഹൃദയത്തെ അറിയാൻ ഹൃദയം ഉപയോഗിക്കാം (Use Heart, Know Heart) എന്നുള്ളതാണ് ഈ വർഷത്തെ സന്ദേശം.

ലോകത്ത് ഏറ്റവുമധികം ആളുകൾ മരിക്കുന്നതിന് പ്രധാന കാരണമായി ഹൃദയ, രക്തധമനി രോഗങ്ങൾ (കാർഡിയോ വാസ്കുലാർ ഡിഡീസ്-CVD) മാറി കഴിഞ്ഞു. ആധുനിക കാലത്ത് ഹൃദ്രോഗികളുടെ എണ്ണം നാൾക്കുനാൾ വർധിച്ചു വരുന്നു. ആരോഗ്യകരമായ ജീവിത ശൈലിയും ശരിയായ ഭക്ഷണ ശീലവും പിന്തുടർന്നാൽ ഹൃദയാരോഗ്യം സംരക്ഷിക്കാൻ സാധിക്കും. ഹൃദയ, രക്തധമനി രോഗത്തിന്റെ പ്രധാന കാരണങ്ങളായ പ്രമേഹം, രക്തസമ്മർദ്ദം, പുകവലി, പോണ്ണത്തടി തുടങ്ങിയവയ്ക്ക് എതിരായുള്ള ബോധവത്കരണമാണ് ഈ ഹൃദയദിനത്തിൽ ചെയ്യേണ്ടത്.

കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിലെ കാത്ത് ലാബിൽ 2022 ഡിസംബറിൽ ആൻജിയോ ഗ്രാമും 2023 ജനുവരിയിൽ ആൻജിയോപ്ലാസ്റ്റിയും ആരംഭിച്ചു. പേസ് മേക്കർ ചികിത്സയടക്കം നടത്തി ഇതുവരെ 300 പേരുടെ ജീവൻ രക്ഷിക്കാൻ സാധിച്ചിട്ടുണ്ട്. ഇതിന് നേതൃത്വം നൽകിയ കാർഡിയോളജിസ്റ്റുമാരായ ഡോ.രാജി രാജൻ, ഡോ. കെ ജി പ്രവീണ എന്നിവരെ ജില്ലാ കളക്ടർ കെ ഇമ്പ ശേഖർ ഐ എ എസ് ആദരിച്ചു. തുടർന്ന് ഗവ. സ്കൂൾ ഓഫ് നഴ്സിംഗ് വിദ്യാർത്ഥികളുടെ ബോധവത്കരണ സ്കിറ്റ്, ബോധവത്കരണ പ്രദർശനം എന്നിവയും കാഞ്ഞങ്ങാട് ജില്ലാ ആശുപത്രി കാർഡിയോളജി വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ മെഡിക്കൽ ക്യാമ്പും സംഘടിപ്പിച്ചു. ജില്ലാ മെഡിക്കൽ ഓഫീസും (ആരോഗ്യം) ദേശീയ ആരോഗ്യ ദൗത്യവും സംയുക്തമായാണ് പരിപാടി സംഘടിപ്പിച്ചത്.

# കുഞ്ഞു ഹൃദയ സ്പന്ദനം തൊട്ടറിഞ്ഞ് അശ്വതി

*മൂന്ന് മാസത്തിനുള്ളിൽ ശസ്ത്രക്രിയ നടത്തുകയും കുട്ടി പൂർണ ആരോഗ്യസ്ഥിതി കൈവരിക്കുകയും ചെയ്തു*




**തിരുവനന്തപുരം**: അങ്കണവാടി സ്ക്രീനിംഗിനിടെയാണ് നാല് വയസുകാരൻ അസദ് അലിയെ നഴ്സായ അശ്വതി കാണുന്നത്. കുഞ്ഞിനെ പരിശോധിച്ചപ്പോൾ തന്നെ ഹൃദ്രോഗ ലക്ഷണമായ മർമ്മർ ശബ്ദം തിരിച്ചറിഞ്ഞതോടെ വിദഗ്ധ ചികിത്സയ്ക്കായി എസ്.എ.റ്റി.യിലേക്ക് റഫർ ചെയ്തു. എക്കോ പരിശോധനയിൽ ഹൃദയ വാൽവ് സങ്കീർണമായി ചുരുങ്ങിയ അവസ്ഥയിലാണെന്ന് കണ്ടെത്തിയിരുന്നു. ഉടൻ തന്നെ അസദ് അലിയെ അടിയന്തിര ശസ്ത്രക്രിയയ്ക്ക് വിധേയമാക്കി. 'ഇന്ന് അവൻ മിടുക്കനാണ്, മറ്റ് കുഞ്ഞുങ്ങളെ പോലെ അവനും ഓടിക്കളിക്കുന്നത് കാണുമ്പോൾ വളരെ സന്തോഷം തോന്നുന്നു' പൂന്തുറ സാമൂഹിക ആരോഗ്യ കേന്ദ്രത്തിലെ ആർ.ബി.എസ്.കെ. നഴ്സ് അശ്വതി പറയുന്നു.

ആരും തിരിച്ചറിയാതെ ജീവൻ തന്നെ നഷ്ടമായേക്കാവുന്ന സങ്കീർണ ഹൃദ്രോഗമുള്ള 36 കുട്ടികളെയാണ് അശ്വതി സാധാരണ ജീവിതത്തിലേയ്ക്ക് കൈപിടിച്ചു നടത്തിയത്. 2019 ലാണ് അശ്വതി ആർ.ബി.എസ്.കെ നഴ്സായി ജോലിയിൽ പ്രവേശിച്ചത്. സ്കൂളുകൾ, അങ്കണവാടികൾ, കിൻഡർ ഗാർട്ടൻ, പ്രതിരോധ കുത്തിവയ്പ്പ് സൈറ്റുകൾ എന്നിവിടങ്ങളിൽ 18 വയസു വരെയുള്ള കുട്ടികളിൽ സമഗ്ര ആരോഗ്യ പരിശോധന നടത്തി ജനന വൈകല്യങ്ങൾ കണ്ടെത്തുന്നു.

പ്രതിരോധകുത്തിവയ്പ്പ് നൽകുന്ന സ്ഥലത്ത് നടത്തിയ സ്ക്രീനിംഗിനിടെയാണ് 9 മാസം പ്രായമുള്ള ഐറാ മെഹ്റിന് ഹൃദയവൈകല്യമുണ്ടെന്ന് തിരിച്ചറിയുന്നത്. വിദഗ്ധ പരിശോധനയിൽ ഹൃദയത്തിൽ ദ്വാരമുള്ളതായി കണ്ടെത്തി. മൂന്ന് മാസത്തിനുള്ളിൽ ശസ്ത്രക്രിയ നടത്തുകയും കുട്ടി പൂർണ ആരോഗ്യസ്ഥിതി കൈവരിക്കുകയും ചെയ്തു. സ്കൂളുകളിൽ നടത്തിയ സ്ക്രീനിംഗിൽ പതിനഞ്ച് വയസുള്ള രണ്ട് കുട്ടികൾക്ക് ഹൃദ്രോഗമുള്ളതായി കണ്ടെത്തി. ഒരു കുട്ടിക്ക് 2.7സെ.മി. വലിപ്പമുള്ള ദ്വാരവും മറ്റൊരു കുട്ടിക്ക് സങ്കീർണ ബ്ലോക്കുള്ളതായും വിദഗ്ധ പരിശോധനയിൽ മനസിലാക്കി. ഇരുവർക്കും അടിയന്തിര ശസ്ത്രക്രിയ ആവശ്യമായിരുന്നു. ആദ്യ കുട്ടിക്ക് മൂന്നാഴ്ചയ്ക്കുള്ളിൽ തന്നെ ശസ്ത്രക്രിയ നടത്തി സുഖം പ്രാപിച്ചു. രണ്ടാമത്തെ കുട്ടിയുടെ രക്ഷിതാക്കൾ കുട്ടിയ്ക്ക്, ഹൃദ്രോഗമുള്ളത് അംഗീകരിക്കാൻ തയ്യാറായിരുന്നില്ല. എത്രയും വേഗം പേസ് മേക്കർ വെയ്ക്കേണ്ട അവസ്ഥയായിരുന്നു. കുട്ടിയ്ക്ക് ഹൃദ്രോഗമുണ്ടെന്ന കണ്ടെത്തിയ അശ്വതിയെ കുട്ടിയുടെ രക്ഷിതാക്കൾ പൂർണമായും അവഗണിക്കുകയും സ്വകാര്യ ആശുപത്രികളിൽ വിദഗ്ധോപദേശത്തിനായി സമീപിക്കുകയും ചെയ്തു. എന്നാൽ പേസ് മേക്കർ വയ്ക്കുക അല്ലാതെ മറ്റ് പരിഹാരങ്ങളൊന്നുമില്ലെന്നായിരുന്നു സ്വകാര്യ ആശുപത്രികളിൽ നിന്നും ലഭിച്ച മറുപടി. തുടർന്ന് അശ്വതിയുടെ നിരന്തരമായ കൗൺസിലിംഗിലൂടെ യാഥാർത്ഥ്യം ബോധ്യമാകുകയും അവർ കുട്ടിയെ ചികിത്സിയ്ക്കാൻ തയ്യാറാവുകയും ചെയ്യുകയായിരുന്നു. പേസ്മേക്കർ ഹൃദ്യം പദ്ധതി മുഖേന നൽകാൻ സാധിക്കാത്തതിനാൽ കാരുണ്യ പദ്ധതി വഴി കുഞ്ഞിന് പേസ്മേക്കർ വച്ചു. ശസ്ത്രക്രിയ കഴിഞ്ഞ എല്ലാ കുഞ്ഞുങ്ങളും പൂർണ ആരോഗ്യത്തോടെ കഴിയുന്നുണ്ടെന്നും അവരെ ഇപ്പോഴും കാണാറുണ്ടെന്നും അശ്വതി പറയുന്നു.

സ്ക്രീനിംഗിലൂടെ കണ്ടെത്തിയ 36 കുട്ടികളിൽ 4 കുട്ടികൾക്ക് അടിയന്തിര ശസ്ത്രക്രിയ കഴിയുകയും ബാക്കി 32 കുട്ടികൾ തുടർചികിത്സയിലുമാണ്. ദേശീയ ആരോഗ്യ ദൗത്യത്തിന്റെ മെഡിക്കൽ ഹെൽത്ത് ടീം നടത്തുന്ന ക്യാമ്പിനൊപ്പവും അശ്വതി സ്ക്രീനിംഗ് നടത്താറുണ്ട്. 'കൂടുതൽ കുട്ടികളെ സ്ക്രീൻ ചെയ്യാനും ഡോക്ടറുടെ സേവനം ലഭിക്കുന്നതിനാൽ റെഫറൻസും ചികിത്സയും വേഗത്തിലാക്കാനും സാധിക്കുന്നു. കുട്ടികളെ എസ്.എ.ടി. യിലേക്കാണ് റെഫർ ചെയ്യുന്നത്. രോഗത്തിന്റെ തീവ്രത അനുസരിച്ച് വേഗത്തിലുള്ള ചികിത്സ നൽകാൻ കഴിയാറുണ്ട്. ഹൃദ്യം പദ്ധതി മുഖേന നിരവധി കുരുന്നു ഹൃദയങ്ങൾക്ക് പുതുജീവൻ നൽകാൻ സാധിച്ചതിലും ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകാൻ സാധിച്ചതിലും സന്തോഷമുണ്ടെന്ന് അശ്വതി പറയുന്നു.

# ഒ.പി. ടിക്കറ്റ് വീട്ടിലിരുന്ന് ബുക്ക് ചെയ്യാം

### ആശുപത്രി സേവനത്തിന് ഇ– ഹെൽത്ത് സംവിധാനം ഉപയോഗിക്കൂ

**ആലപ്പുഴ**: സർക്കാർ ആശുപത്രികളിൽ ഡോക്ടറെ കാണുന്നതിന് പൊതുജനങ്ങൾക്ക് ഇ-ഹെൽത്ത് വഴി ഓൺലൈനായി അപ്പോയിൻമെന്റ് എടുക്കാം. ഇതോടെ രോഗികൾക്ക് വീട്ടിലിരുന്ന് ഒ.പി ടിക്കറ്റ് ബുക്ക് ചെയ്യാം. സർക്കാർ ആശുപത്രികളിലെ ഇ ഗവർണൻസിന്റെ ഭാഗമായാണ് ഇ ഹെൽത്ത് സംവിധാനം ആവിഷ്കരിച്ചിട്ടുള്ളതെന്ന് ഡി.എം.ഒ. (ആരോഗ്യം) അറിയിച്ചു. ആദ്യ ഘട്ടത്തിൽ

തുറവൂർ താലൂക്ക് ആശുപത്രി, ആലപ്പുഴ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, മാവേലിക്കര ജില്ലാ ആശുപത്രി എന്നിവിടങ്ങളിലും കുടുംബാരോഗ്യ കേന്ദ്രങ്ങളായ പുന്നപ്ര നോർത്ത്, പുറക്കാട്, വെട്ടക്കൽ, അരൂർ, ചെറുതന, കഞ്ഞിക്കുഴി, പാലമേൽ, പാണാവള്ളി, ആറാട്ടുപുഴ, പള്ളിപ്പുറം, താമരക്കുളം, വീയപുരം, പെരുമ്പളം, ഭരണിക്കാവ്, ചെട്ടികുളങ്ങര, പള്ളിത്തോട്, എഴുപുന്ന, കലവൂർ, കാർത്തികപ്പള്ളി, മാരാരിക്കുളം നോർത്ത്, ദേവികുളങ്ങര, വയലാർ, ചേർത്തല സൗത്ത്, കണ്ടല്ലൂർ, നൂറനാട്, തോട്ടപ്പള്ളി എന്നിവിടങ്ങിലും യുപിഎച്ച്സി മുല്ലാത്ത് വളപ്പ്, യുപിഎച്ച്എസി ചേരാവള്ളി എന്നീ ആരോഗ്യ കേന്ദ്രങ്ങളിലുമാണ് നിലവിൽ ഈ സേവനങ്ങൾ ഒരുക്കിയിട്ടുള്ളത്.

***ഇ–ഹെൽത്ത് രജിസ്ട്രേഷൻ എങ്ങനെ, ഒ.പി. ടിക്കറ്റ് എങ്ങനെ എടുക്കാം***

ഇ ഹെൽത്ത് സംവിധാനത്തിലൂടെ രജിസ്റ്റർ ചെയ്യുമ്പോൾ ലഭിക്കുന്ന യുഎച്ച്ഐഡി നമ്പറിലൂടെ ഡോക്ടറുടെ അപ്പോയിന്റ്മെന്റുകൾ മുൻകൂട്ടി എടുക്കാം. ചികിത്സാ വിവരങ്ങൾ ഇതിൽ സൂക്ഷിക്കപ്പെടുകയും തുടർ ചികിത്സ ഉറപ്പുവരുത്താനും സാധിക്കും. ഇ ഹെൽത്ത് സേവനങ്ങൾ ലഭ്യമാകുന്നതിനായി ഇ-ഹെൽത്ത് സൈറ്റിൽ രജിസ്റ്റർ ചെയ്യണം. https://ehealth.kerala.gov.in സൈറ്റിൽ ലോഗിൻ ചെയ്തശേഷം ആധാർ നമ്പർ സമർപ്പിച്ചാൽ റജിസ്റ്റർ ചെയ്ത മൊബൈൽ നമ്പറിലേക്കു ഒ.ടി.പി വരും. ഇത് സമർപ്പിച്ചാൽ 16 അക്ക യുണീക്ക് ഹെൽത്ത് ഐഡന്റിഫിക്കേഷൻ നമ്പർ ലഭിക്കും. ഈ നമ്പർ ഇ-ഹെൽത്ത് സേവനങ്ങൾക്കായി ഉപയോഗിക്കാം. ബുക്ക് ചെയ്യുന്ന ഒ.പി ടിക്കറ്റ് എസ് എം എസ് സന്ദേശമായും ആവശ്യമെങ്കിൽ പ്രിന്റായും എടുക്കാം. ഇത് ആശുപത്രിയിൽ കാണിച്ചാൽ മതിയാകും. https://ehealth.kerala.gov.in എന്ന സൈറ്റിൽ ജില്ലയിലെ ഓൺലൈൻ അപ്പോയന്റ്മെന്റ് സൗകര്യമുള്ള ആശുപത്രികളുടെ വിവരങ്ങൾ ലഭ്യമാണ്.

# ഉള്ളം തൊട്ട് 'ആർദ്രം ആരോഗ്യം'



തിരുവനന്തപുരം










ഇടുക്കി









## എറണാകുളം






## മലപ്പുറം








## വയനാട്







## കണ്ണൂർ






# എറണാകുളം ജനറൽ ആശുപത്രിക്ക് പുതിയ കാൻസർ ബ്ലോക്ക്

## സമഗ്രമായ കാൻസർ നിയന്ത്രണം ലക്ഷ്യം



എറണാകുളം: ജനറൽ ആശുപത്രിയുടെ പുതിയ കാൻസർ സ്പെഷാലിറ്റി ബ്ലോക്കിന്റെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു. സ്ത്രീകളിൽ വർധിക്കുന്ന ഗർഭാശയഗള കാൻസറിനെ പ്രതിരോധിക്കാൻ വികസിത രാജ്യങ്ങളുടെ മാതൃകയിൽ വാക്സിനേഷൻ നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ സംസ്ഥാനത്ത് ആരംഭിക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. സംസ്ഥാനത്ത് 30 വയസിൽ മുകളിലുള്ള 7 ലക്ഷം പേർക്ക് കാൻസറിന് സാധ്യതയെന്നാണ് പുതിയ പഠനങ്ങൾ വ്യക്തമാക്കുന്നത്. ഏറ്റവും കൂടുതൽ സാധ്യത സ്തനാർബുദത്തിനാണ്. ഗർഭാശയ കാൻസറും വർധിക്കുന്നതായാണ് കണക്കുകൾ നൽകുന്ന സൂചന. കാൻസറിനെ ചെറുക്കുന്നതിന് ശക്തമായ ഇടപെടലുകളാണ് കേരളം നടത്തുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു.

ആശുപത്രികളിൽ കാൻസർ ചികിത്സയ്ക്കുള്ള സൗകര്യങ്ങൾ വർധിപ്പിക്കുന്നതിന് പുറമേ സങ്കീർണ്ണ രോഗാവസ്ഥ കൈകാര്യം ചെയ്യാൻ സവിശേഷ പരിപാടികൾ ആവിഷ്ക്കരിച്ചു. സമഗ്രമായ അർബുദ നിയന്ത്രണം ലക്ഷ്യമാക്കി തയ്യാറാക്കിയ കേരള കാൻസർ നിയന്ത്രണയജ്ഞം എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിച്ചു. ഇതോടെ പ്രാരംഭ ദിശയിൽ തന്നെ കാൻസർ അറിയാം. സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളിലും ആഴ്ച്ചയിൽ ഒരു ദിവസം കാൻസർ പ്രാരംഭ പരിശോധന ക്ലിനിക്കുകൾ നടക്കുന്നുണ്ട്. കാൻസർ സെന്ററുകളേയും മെഡിക്കൽ കോളേജുകളേയും ജില്ലാ, ജനറൽ, താലൂക്ക് ആശുപത്രികളെയും ഉൾപ്പെടുത്തി കാൻസർ ചികിത്സ ഏകോപിപ്പിക്കുന്നതിനായി കാൻസർ ഗ്രിഡ് രൂപികരിച്ച് ചികിത്സ വികേന്ദ്രീകരിക്കും. കാൻസറിനെ ചെറുക്കുന്നതിനുള്ള സമഗ്രമായ ഇടപെടലുകളാണ് നടത്തുന്നത്.

> 30 വയസിൽ മുകളിലുള്ള 7 ലക്ഷം പേർക്ക് കാൻസറിന് സാധ്യതയെന്നാണ് പുതിയ പഠനങ്ങൾ വ്യക്തമാക്കുന്നത്

**25 കോടി ചെലവഴിച്ച് ആറ് നിലകളിൽ കാൻസർ ബ്ലോക്ക്**

25 കോടി രൂപ ചെലവഴിച്ചാണ് ആറ് നിലകളുള്ള കാൻസർ ബ്ലോക്ക് സജ്ജമാക്കിയിരിക്കുന്നത്. 105 രോഗികളെ കിടത്തി ചികിത്സിക്കാവുന്ന ആധുനികവും വിദഗ്ധവുമായ പശ്ചാത്തല സൗകര്യമാണ് സ്പെഷ്യാലിറ്റി ബ്ലോക്കിൽ ഒരുക്കിയിരിക്കുന്നത്. കാൻസർ ഐസിയു, കീമോതെറാപ്പി യൂണിറ്റ്, സ്ത്രീകൾക്കും പുരുഷന്മാർക്കുമായി പ്രത്യേക വാർഡ്, കൂട്ടിരിപ്പുകാർക്കുള്ള ഡോർമറ്ററി തുടങ്ങിയവയെല്ലാം സജ്ജമാക്കി. കീമോ തെറാപ്പിക്ക് വിധേയരാകുന്ന രോഗികൾക്ക് രക്തത്തിലെ പ്ലേറ്റ്ലെറ്റിന്റെ അളവ് കുറഞ്ഞാൽ അടിയന്തിര ചികിത്സ നൽകുന്നതിനുള്ള ന്യൂട്രോപ്പീനിയ ഐസിയുവും സജ്ജമാക്കി. ഓരോ നിലകളിലും നഴ്സിംഗ് സ്റ്റേഷനും ഡോക്ടർമാരുടെ പ്രത്യേക മുറികളും രോഗികൾക്ക് ഏറ്റവും സൗകര്യപ്രദമായ ശുചിമുറികളും ഒരുക്കി.

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എം.ബി രാജേഷ് അധ്യക്ഷനാക്കി. വ്യവസായ വകുപ്പ് മന്ത്രി പി.രാജീവ്, ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജ് എന്നിവർ വിശിഷ്ടാതിഥികളായി. മേയർ എം.അനിൽ കുമാർ, ഹൈബി ഈഡൻ എം.പി, എം.എൽ.എമാരായ ടി.ജെ വിനോദ്, കെ.ജെ മാക്സി, ചീഫ് സെക്രട്ടറി ഡോ. വി.വേണു എന്നിവർ മുഖ്യാതിഥികളായി. സിഎസ്എംഎൽ സി.ഇ.ഒ ഷാജി വി.നായർ, ഡെപ്യൂട്ടി മേയർ കെ.എ. അൻസിയ, സബ് കളക്ടർ പി.വിഷ്ണുരാജ്, ഡി.എം.ഒ ഡോ.കെ.കെ ആശ, ജനറൽ ആശുപത്രി സൂപ്രണ്ട് ഡോ. ആർ.ഷഹീർഷാ, വിവിധ ജനപ്രതിനിധികൾ പങ്കെടുത്തു.

# പ്രചോദനത്തിന്റെ കഥ പറയുന്ന സഫ്വാന്റെ കേസ് ഫയൽ



> 10 മുതൽ 12 മാസത്തിൽ തനിയെ കുഞ്ഞടികൾ വെച്ച് നടക്കുകയും ചെയ്തു

തൃശ്ശൂർ: ഡി.ഇ.ഐ.സി.യിലെ 247/4/2022 എ കേസ് ഫയലിൽ കുഞ്ഞ് മുഹമ്മദ് സഫ്വാന്റെ ആരോഗ്യത്തിലേക്കുള്ള ചുവട് വെപ്പുകളാണ് നിറഞ്ഞുനിൽക്കുന്നത്. 5 മാസം പ്രായമുള്ള ചലന വൈകല്യങ്ങളുള്ള കുഞ്ഞ്, മെഡിക്കൽ കോളേജിലെ പീഡിയാട്രിഷ്യന്റെ റഫറൻസിലാണ് മോട്ടോർ ഡിലെ എ രോഗ നിർണയത്തോടെ ഡി.ഇ.ഐ.സി.യിൽ എത്തുന്നത്. മാസം തികയാതെ ജനിച്ച കുഞ്ഞായിരുന്നു മുഹമ്മദ് സഫ്വാൻ. ഇതേ തുടർന്ന് വിവിധ ആരോഗ്യപ്രശ്നങ്ങളും നേരിടേണ്ടി വന്നു. ന്യുമോണിയ ബാധിതനായി 3 മാസത്തെ ഐ.സി.യു.വാസവും കുഞ്ഞിനു വേണ്ടി വന്നു. കുഞ്ഞിന് തല നിവർത്തി നിറുത്താൻ കഴിഞ്ഞിരുന്നില്ല. ഡി.ഇ.ഐ.സി.യിലെ ഫിസിയോതെറാപ്പി യൂണിറ്റിൽ എത്തിയ കുഞ്ഞിന് ഫിസിയോതെറാപ്പിസ്റ്റായ പ്രിൻസി വി.പി. സ്ട്രെങ്ങ്തെനിങ്ങ് എക്സർസൈസുകളാണ് കൂടുതലായും ചെയ്തിരുന്നത്. ആഴ്ചയിൽ മൂന്ന് തവണ എന്ന തോതിൽ ഒരു മാസത്തെ ഫിസിയോതെറാപ്പിക്ക് ശേഷം കുഞ്ഞിന് കഴുത്ത് ഉറച്ചു. ഇതോടെ മുഹമ്മദ് സഫ്വാനും മാതാപിതാക്കളും ആരോഗ്യത്തിലേക്കുള്ള ആദ്യപടി ചവിട്ടുകയായിരുന്നു. പിന്നീട് 3-4 മാസത്തിൽ കുഞ്ഞ് മുട്ടിൽ കമിഴ്ന്ന് കിടക്കാൻ തുടങ്ങി. 6 മുതൽ 8 മാസത്തിൽ മുട്ടുകുത്താനും മറ്റും തുടങ്ങി. 10 മുതൽ 12 മാസത്തിൽ തനിയെ കുഞ്ഞടികൾ വെച്ച് നടക്കുകയും ചെയ്തു. ഫിസിയോതെറാപ്പി യൂണിറ്റിലെ ട്രാമ്പോലിനിൽ ചാടുന്ന സ്ഥിതിയിലേക്ക് കുഞ്ഞ് വളർന്നു. വളർച്ച അറിയാനായി 6 മാസം കൂടുമ്പോൾ പരിശോധന നടത്തുന്നു സ്ഥിരോത്സാഹവും നിശ്ചയദാർഢ്യവും, വിദഗ്ദരിൽ നിന്ന് ലഭിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നതിലുള്ള കൃത്യതയുമാണ് സഫ്വാനേയും മാതാപിതാക്കളേയും മറ്റുള്ളവർക്ക് പ്രചോദനമേകുന്ന മാതൃകകളാക്കി ഉയർത്തുന്നത്.

# മികവ് കൂട്ടി കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രി




**പാലക്കാട്**: അട്ടപ്പാടിയിലെ ശിശു മരണനിരക്ക് കുറയ്ക്കുന്നതിൽ നിർണായക പങ്ക് വഹിക്കുകയും അട്ടപ്പാടിയിലെ ആദിവാസി ഗോത്രവിഭാഗക്കാരുടെ ആരോഗ്യപരിപാലനത്തിൽ വലിയ സംഭാവനകൾ നൽകുകയും ചെയ്തു വരുന്ന കോട്ടത്തറ സർക്കാർ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രി ഇന്ന് അടിമുടി മാറ്റങ്ങളുമായി കൂടുതൽ മികവാർന്ന പാതയിലാണ്. ഒരുകാലത്ത് മികച്ച ചികിത്സ ലഭിക്കുവാൻ ചുരം ഇറങ്ങേണ്ടി വന്നിരുന്ന അട്ടപ്പാടിക്കാർക്കും സമീപപ്രദേശത്തുള്ളവർക്കും മാത്രമല്ല കോയമ്പത്തൂരിൽ നിന്നു പോലും നിരവധി ആളുകളാണ് ഇന്ന് ചികിത്സക്കായി കോട്ടത്തറ ആശുപത്രിയെ ആശ്രയിക്കുന്നത്. അതുകൊണ്ടുതന്നെ OP, IP രോഗികളുടെയും സർജറികളുടെയും എണ്ണത്തിൽ വലിയ വർദ്ധനയാണ് അടുത്തകാലത്തായി ഇവിടെ ഉണ്ടായിട്ടുള്ളത്. ജനറൽ സർജറി, ഗൈനക്കോളജി, ഓർത്തോ, ഇ എൻ ടി, പൾമണോളജി വിഭാഗങ്ങളിലായി ശരാശരി 60 മുതൽ 65 വരെ സർജറികൾ നടന്നിരുന്ന ഇവിടെ നിലവിൽ പ്രതിമാസം നൂറിനു മുകളിൽ സർജറികൾ നടക്കുന്നുണ്ട്.

തൈറോയ്ഡ്, താക്കോൽ ദ്വാര ശസ്ത്രക്രിയകൾ, പിത്തസഞ്ചി എടുത്തു കളയൽ എന്നിങ്ങനെ താലൂക്ക് ആശുപത്രികളിൽ പോലും അപൂർവ്വമായി നടക്കുന്ന പ്രധാന ശസ്ത്രക്രിയകൾ നടക്കുന്നുണ്ട്. ആശുപത്രിയെ 'ലക്ഷ്യ' നിലവാരത്തിലേക്ക് ഉയർത്തി അത്യാധുനിക മാതൃശിശു സംരക്ഷണ ആശുപത്രിയാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്. 75 ലക്ഷം ചെലവിട്ട് എൻ.എച്ച്.എം മുഖേന ഇവിടെ 15 ഓക്സിജൻ ബെഡ്, 4 എച്ച് ഡി യു, 2 ഐസിയു എന്നീ സംവിധാനങ്ങളോടെ പീഡിയാട്രിക് ഐസിയു സജ്ജീകരിച്ചിട്ടുണ്ട്.

NQAS, KASH, കായകൽപ്പ് തുടങ്ങിയ ദേശീയ ഗുണനിലവാര അംഗീകാരങ്ങൾ ഇതിനകം ആശുപത്രി നേടിയിട്ടുണ്ട്. തുടരുന്ന ശിശുമരണങ്ങളുടെ പശ്ചാത്തലത്തിൽ വലിയ വെല്ലുവിളികൾ നേരിടേണ്ടി വരുന്ന അട്ടപ്പാടിയിലെ ആരോഗ്യ മേഖലയ്ക്ക് മികവിന്റെ പൊൻതൂവലാവുകയാണ് കോട്ടത്തറ ട്രൈബൽ സ്പെഷാലിറ്റി ആശുപത്രി.



# ആരോഗ്യ വകുപ്പ്

# അഭിമാന നേട്ടങ്ങൾ

- ദേശീയ ഭക്ഷ്യ സുരക്ഷാ സൂചികയിൽ കേരളം ഒന്നാമത്
- ദേശീയ നീതി ആയോഗ് സൂചികയിൽ കേരളം ഒന്നാമത്
- ഏറ്റവും കുറവ് മാതൃ,ശിശുമരണമുള്ള സംസ്ഥാനം
- എസ്.എ.ടി. ആശുപത്രി സെന്റർ ഓഫ് എക്സലൻസ് രാജ്യത്തെ പത്ത് ആശുപത്രികളിലൊന്നായി അപൂർവ നേട്ടം
- കാസ്പ് വഴി 3200 കോടിയുടെ സൗജന്യ ചികിത്സ നൽകി
- പബ്ലിക് അഫയേർസ് ഇന്റക്സിൽ ഏറ്റവും മികച്ച സംസ്ഥാനം
- 170 ആരോഗ്യ സ്ഥാപനങ്ങൾക്ക് ദേശീയ ഗുണനിലവാര അംഗീകാരം
- 10 ആശുപത്രികൾക്ക് പ്രസവ, പ്രസവാനന്തര സേവനങ്ങൾക്കുള്ള ലക്ഷ്യ ഗുണനിലവാര സർട്ടിഫിക്കേഷൻ
- 596 ആരോഗ്യ സ്ഥാപനങ്ങളിൽ ഇഹെൽത്ത് സംവിധാനം
- ദേശീയ സാമൂഹിക പുരോഗതി റിപ്പോർട്ടിൽ ആരോഗ്യ പരിചരണത്തിലും പോഷകാഹാരത്തിലും കേരളം മുന്നിൽ
- മാതൃശിശു സൗഹൃദ ആശുപത്രി ഇനിഷ്യേറ്റീവ് രാജ്യത്ത് ആദ്യം
- രാജ്യത്ത് ആദ്യമായി ജില്ലാതല ആശുപത്രിയിൽ ഹൃദയ ശസ്ത്രക്രിയയും, ഹൃദയം തുറക്കാതെ വാൽവ് മാറ്റിവയ്ക്കൽ ശസ്ത്രക്രിയയും നടത്തി
- ആന്റി ബയോഗ്രാം പുറത്തിറക്കുന്ന ആദ്യ സംസ്ഥാനം
- എല്ലാ ബ്ലോക്കുകളിലും എ.എം.ആർ. കമ്മിറ്റി സ്ഥാപിക്കുന്ന ആദ്യ സംസ്ഥാനം
- സർക്കാർ ആശുപത്രികളിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ യാഥാർത്ഥ്യമാക്കി
- കോവിഡ് കാലത്ത് ഓക്സിജൻ ലഭ്യത ഉറപ്പാക്കിയതിൽ കേരളം മാതൃക ലോകാരോഗ്യ സംഘടന റിപ്പോർട്ട്
- വിളർച്ച മുക്ത കേരളത്തിന്റെ ഭാഗമായി വിവ കേരളം (വിളർച്ചയിൽ നിന്നും വളർച്ചയിലേക്ക്) കാമ്പയിൻ നടപ്പിലാക്കി വരുന്നു
- കാൻസർ മരുന്നുകൾക്ക് ഈ വർഷം കൂടുതൽ തുക അനുവദിച്ചു. (മെഡി. കോളേജുകളിൽ 12.17 കോടിയിൽ നിന്നും 25.42 കോടിയാക്കി)
- ഇടുക്കി, കോന്നി മെഡിക്കൽ കോളേജുകൾക്ക് അംഗീകാരം, രണ്ടാം വർഷ കോഴ്സിനും അംഗീകാരം
- കോന്നി മെഡിക്കൽ കോളേജ് 40 കോടിയുടെ അക്കാദമിക് ബ്ലോക്ക്
- കൊല്ലം, മഞ്ചേരി  നഴ്സിംഗ് കോളേജുകൾ ആരംഭിച്ചു
- സർക്കാർ മേഖലയിൽ പുതുതായി 6 നഴ്സിംഗ് കോളേജുകൾക്ക് അനുമതി (400 സീറ്റ്) (തിരുവനന്തപുരം, പത്തനംതിട്ട, ഇടുക്കി, പാലക്കാട്, വയനാട്, കാസർഗോഡ്)
- സിമെറ്റിന്റെ കീഴിൽ 7 നഴ്സിംഗ് കോളേജുകൾ  (420 സീറ്റ്)

- തിരുവനന്തപുരത്തും ആലപ്പുഴയിലും എം.എസ്.സി. മെന്റൽ ഹെൽത്ത് നഴ്സിംഗ് കോഴ്സ്
- സംസ്ഥാനത്ത് 43 പുതിയ മെഡിക്കൽ പിജി സീറ്റുകൾക്ക് അനുമതി
- ആലപ്പുഴ, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് യാഥാർത്ഥ്യമാക്കി
- ഇന്ത്യയിൽ ആദ്യമായി വൺ ഹെൽത്ത് പദ്ധതി നടപ്പിലാക്കി
- കേരള പൊതുജനാരോഗ്യ ബിൽ യാഥാർത്ഥ്യമാക്കി. രാജ്യത്ത് ആദ്യമായി പൂർണമായും സ്ത്രീലിംഗത്തിൽ എഴുതപ്പെട്ട നിയമം
- ആദ്യമായി സിക്കിൾസെൽ രോഗികൾക്ക് പ്രത്യേക ഓണക്കിറ്റ്
- ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്, മെഡിക്കൽ പ്രാക്ടീഷ്യനേഴ്സ്, പകർച്ചവ്യാധി പ്രതിരോധം എന്നീ ബില്ലുകൾ യാഥാർത്ഥ്യമാക്കി
- പാരാമെഡിക്കൽ കോഴ്സുകൾക്ക് അലൈഡ് ആന്റ് ഹെൽത്ത് കെയർ കൗൺസിൽ രൂപീകരിച്ചു
- 5409 ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ പ്രവർത്തനമാരംഭിച്ചു
- രാജ്യത്ത് ആദ്യമായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ന്യൂറോ കാത്ത്ലാബ് ഉൾപ്പെട്ട സമഗ്ര സ്ട്രോക്ക് യൂണിറ്റ്
- എല്ലാ അർബൻ പ്രൈമറി ഹെൽത്ത് സെന്ററുകളേയും ഹെൽത്ത് ആന്റ് വെൽനസ് സെന്ററുകളായി ഉയർത്തി.
- രാജ്യത്തെ ആദ്യ ഭിന്നശേഷി സൗഹൃദ അംഗത്വ കാർഡ് പുറത്തിറക്കി
- സാംക്രമിക രോഗങ്ങൾ പ്രതിരോധിക്കാൻ ബോർഡർ മീറ്റിംഗ് സംഘടിപ്പിച്ചു.
- ആദ്യമായി നഴ്സിംഗ് കൗൺസിൽ അദാലത്ത് സംഘടിപ്പിച്ചു
- 6500 ൽ അധികം കുഞ്ഞുങ്ങൾക്ക് ഹൃദ്യം പദ്ധതിയിലൂടെ സൗജന്യ ഹൃദയ ശസ്ത്രക്രിയ ഉറപ്പാക്കി
- ഹബ്ബ് ആന്റ് സ്പോക്ക് മോഡൽ ലാബ് നെറ്റുവർക്ക് യാഥാർത്ഥ്യമാക്കി
- പകർച്ചവ്യാധി–പകർച്ചേതരവ്യാധി പ്രതിരോധത്തിനും നിയന്ത്രണത്തിനുമായി യു.എസിലെ സെന്റർ ഫോർ ഡിസീസ് കൺട്രോൾ ആന്റ് പ്രിവെൻഷൻ മാതൃകയിൽ കേരള സെന്റർ ഫോർ ഡിസീസ് കൺട്രോൾ ആന്റ് പ്രിവെൻഷൻ (സിഡിസി) യാഥാർത്ഥ്യമായി
- രാജ്യത്ത് ആദ്യമായി സംസ്ഥാനതലത്തിൽ അപൂർവ്വ രോഗങ്ങൾക്കായി പ്രത്യേക ക്ലിനിക്കുകൾ

## പുരസ്കാരങ്ങൾ

### ആരോഗ്യവകുപ്പിന് ദേശീയ തലത്തിൽ ലഭ്യമായ പുരസ്കാരങ്ങളും ബഹുമതികളും

- ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകിയ സംസ്ഥാനത്തിനുള്ള കേന്ദ്ര സർക്കാരിന്റെ ആരോഗ്യ മന്ഥൻ പുരസ്കാരം 2021, 2022, 2023 വർഷങ്ങളിൽ ലഭ്യമായി
- കാഴ്ച്ച പരിമിതർക്കായി സജ്ജമാക്കിയ സേവനത്തിന് പ്രത്യേക ആരോഗ്യ മന്ഥൻ 2023 പുരസ്കാരം
- 1000 ഗുണഭോക്താക്കൾക്ക് ഏറ്റവും കൂടുതൽ ബെഡ്ഡുകൾ എംപാനൽ ചെയ്ത സംസ്ഥാനത്തിനുള്ള അവാർഡ്
- അർഹരായ കുടുംബങ്ങളിലെ  90% കുടുംബങ്ങൾക്കും ഒരു ആയുഷ്മാൻ കാർഡ് എങ്കിലും ഉറപ്പാക്കിയ സംസ്ഥാനം
- കേരളത്തിന്റെ ആരോഗ്യ സുരക്ഷാ പദ്ധതിയ്ക്ക് നാഷണൽ ഹെൽത്ത് കെയർ അവാർഡ് 2023 ൽ ലഭിച്ചു
- ആരോഗ്യ രംഗത്തെ മികച്ച പ്രകടനം കാഴ്ച്ചവച്ച സംസ്ഥാനത്തിനുള്ള ഇന്ത്യാ ടുഡേ 2022 അവാർഡ്
- മാതൃമരണം കുറയ്ക്കുന്നതിൽ ബെസ്റ്റ് പെർഫോമിംഗ് സ്റ്റേറ്റിനുള്ള ദേശീയ അവാർഡ് 2022 ൽ ലഭിച്ചു
- ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകിയ സംസ്ഥാനത്തിനുള്ള കേന്ദ്ര സർക്കാരിന്റെ ഉത്കൃഷ്ഠാ പുരസ്കാരം 2022 ൽ ലഭിച്ചു
- 2021 ൽ ദേശീയ തലത്തിൽ ഏറ്റവും കൂടുതൽ സ്ഥാപനങ്ങളിൽ എൻ.ക്യു.എ.എസ് അംഗീകാരം കരസ്ഥമാക്കിയതിന് അർബൻ പ്രൈമറി ഹെൽത്ത് സെന്റർ വിഭാഗത്തിൽ ഒന്നാം സ്ഥാനവും, പ്രാഥമികാരോഗ്യ കേന്ദ്രം വിഭാഗത്തിൽ  രണ്ടാം സ്ഥാനവും ലഭിച്ചു.
- ക്ഷയരോഗ നിവാരണ പ്രവർത്തനങ്ങൾക്കായി ദേശീയ തല പുരസ്കാരം പ്രവർത്തന മികവിനുള്ള അംഗീകാരമായി നൽകുന്ന ക്ഷയരോഗ മുക്ത സർട്ടിഫിക്കേഷൻ പുരസ്കാരത്തിൽ 2021 ൽ വെങ്കലവും 2022ൽ വെള്ളി മെഡലും
- രാജ്യത്തെ ഏറ്റവും മികച്ച കോവിഡ് വാക്സിനേഷൻ ഡ്രൈവിനുള്ള ഇന്ത്യാ ടുഡേയുടെ  ഹെൽത്ത്ഗിരി  അവാർഡ് ലഭ്യമായി
- ഇസഞ്ജീവനി, കാരുണ്യ ബനവലന്റ് ഫണ്ട് എന്നീ സംരംഭങ്ങൾക്ക് ഗവേർണസ് നൗവിന്റെ ഡിജിറ്റൽ ട്രാൻസ്ഫർമേഷൻ അവാർഡ് 2021 ൽ ലഭിച്ചു
- എഫ്.എസ്.എസ്.എ.ഐ.യുടെ ഈറ്റ് റൈറ്റ് ചലഞ്ചിൽ സംസ്ഥാനത്തെ നാല് നഗരങ്ങൾക്ക് (കൊച്ചി, തിരുവനന്തപുരം, കോഴിക്കോട്, കാസർഗോഡ്) ദേശീയ പുരസ്കാരം



